Deivarajyam February 2014
● R.N.7623/63
Date of publication: 31 January 2014
● Posted at Thodupuzha Stg.
Annual Subscription Rs. 75.00
Book packet containing periodical




Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

EPARCHY OF KOTHAMANGALAM

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

LOVE NEVER ENDS

വാല്യം 53
ഫെബ്രുവരി 2014
ലക്കം 2





2013 ഡിസംബർ 18-ാം തീയതി അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ്
പ്രതിഷ്ഠാകർമ്മം നിർവഹിച്ച ചെപ്പുകുളം സെന്റ് തോമസ് ദൈവാലയം

# ദൈവരാജ്യം

OFFICIAL ORGAN OF THE EPARCHY OF KOTHAMANGALAM

Vol. LIII No. 2 February 2014


## ലോകരോഗീദിനസന്ദേശം

## 11 ഫെബ്രുവരി 2014

### ഇരുപത്തിരണ്ടാം ലോകരോഗീദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പാ നല്കുന്ന സന്ദേശം

### വിശ്വാസവും പരസ്നേഹവും: "സഹോദരർക്കുവേണ്ടി ജീവൻ പരിത്യജിക്കാൻ നാം തയ്യാറായിരിക്കണം" (1 യോഹ 3:16)

**പ്രിയ സഹോദരീസഹോദരന്മാരേ,**

1. ഇരുപത്തിരണ്ടാമത്തെ ലോകരോഗീദിനാചരണം നടത്തുന്ന സന്ദർഭമാണിത്. ഈ വർഷം അതിന്റെ പ്രമേയം വിശ്വാസവും പരസ്നേഹവും: "സഹോദരർക്കുവേണ്ടി ജീവൻ പരിത്യജിക്കാൻ നാം തയ്യാറായിരിക്കണം" (1 യോഹ 3:16) എന്നതാണ്. ഈ സന്ദർഭത്തിൽ രോഗികളെയും അവരെ പരിചരി ക്കുന്നവരെയും ഞാൻ പ്രത്യേകമായി ഓർമ്മിക്കുന്നു. രോഗികളേ, സഹിക്കുന്ന ക്രിസ്തുവിന്റെ സവിശേഷ സാന്നിധ്യം സഭ നിങ്ങളിൽ കണ്ടെത്തുന്നുണ്ട്. ഇത് സത്യമാണ്. നമ്മുടെ സഹനത്തിൽ ക്രിസ്തുവിന്റെ സഹനവുമുണ്ട്. സഹനഭാരം അവിടന്ന് വഹിക്കുന്നു. അതിന്റെ അർത്ഥം നമുക്കു വെളിപ്പെടുത്തുകയും ചെയ്യുന്നു. ദൈവപുത്രൻ ക്രൂശാരോഹണം ചെയ്തപ്പോൾ അവിടന്ന് സഹനത്തിന്റെ ഏകാന്തത അവസാനിപ്പിച്ചു. അതിന്റെ ഇരുട്ടിൽ വെളിച്ചം പരത്തുകയും ചെയ്തു. അങ്ങനെ ദൈവസ്നേഹമെന്ന രഹസ്യത്തിന്റെ മുമ്പിൽ നാം നമ്മെത്തന്നെ കണ്ടെത്തുന്നു. അതു നമുക്ക് പ്രത്യാശയും ധൈര്യവും നല്കുന്നു. ദൈവസ്നേഹത്തിന്റെ പദ്ധതിയിൽ വേദനയുടെ രാത്രിപോലും ഈസ്റ്ററിന്റെ പ്രകാശ ത്തിനു വഴിമാറുന്നുവെന്നതുകൊണ്ട് പ്രത്യാശ നല്കുന്നു. അവിടന്നുമായുള്ള ഐക്യം ഏതു പ്രയാസത്തെയും നേരിടാൻ നമ്മെ ശക്തരാക്കുന്ന ധൈര്യവും നല്കുന്നു.



2. മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ രോഗവും സഹനവും മാനുഷികാനുഭവത്തിൽനിന്ന് മാറ്റിക്കളഞ്ഞില്ല. എന്നാൽ അവ സ്വയം ഏറ്റെടുത്തുകൊണ്ട് അവയ്ക്ക് പുതിയ അർത്ഥം നല്കി. കാരണം, അവ ഇനിമേൽ അവസാനവാക്കല്ല. നവീനവും സമൃദ്ധവുമായ ജീവനാണ്. അവയെ അവിടന്ന് പരിവർത്തനം ചെയ്യിച്ചു. കാരണം, ക്രിസ്തുവിനോടൊപ്പമായിരിക്കുമ്പോൾ അവ നിഷേധാത്മകമല്ല. ഭാവാത്മകമാണ്. യേശു മാർഗമാണ്. അവിടത്തെ ആത്മാവിനോടുകൂടെ നമുക്ക് അവിടത്തെ അനുഗമിക്കാൻ കഴിയും. പിതാവ് സ്നേഹംമൂലം നമുക്ക് പുത്രനെ നല്കി. പുത്രൻ അതേ സ്നേഹംമൂലം തന്നെത്തന്നെ നമുക്കു നല്കി. അതുകൊണ്ട് ദൈവം നമ്മെ സ്നേഹിച്ചതുപോലെ മറ്റുള്ളവരെ സ്നേഹിക്കാൻ നമുക്കു സാധിക്കും. പരസ്പരം ജീവൻ നല്കിക്കൊണ്ട് അങ്ങനെ ചെയ്യാൻ കഴിയും. ദൈവത്തിലുള്ള വിശ്വാസം നന്മയായി ത്തീരുന്നു. ക്രൂശിതനായ ക്രിസ്തുവിലുള്ള വിശ്വാസം ശത്രുക്കളെപ്പോലും അവസാനംവരെ സ്നേഹിക്കാനുള്ള ശക്തിയായിത്തീരുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നതിന്റെ യഥാർത്ഥ തെളിവ് ആത്മദാനം നടത്തുന്നതും അയൽക്കാരിൽ, പ്രത്യേകിച്ച് അർഹതയില്ലാത്ത വരിലും സഹിക്കുന്നവരിലും പാർശ്വവത്കരിക്കപ്പെട്ടവരിലും, സ്നേഹം വ്യാപിപ്പിക്കുന്നതുമാണ്.

3 മാമ്മോദീസയുടെയും സ്ഥൈര്യലേപനത്തിന്റെയും ശക്തിയാൽ നാം ക്രിസ്തുവിനോട് അനുരൂപപ്പെടാൻ വിളിക്കപ്പെട്ടിരിക്കുന്നു. അവിടന്ന് സഹിക്കുന്ന സകലർക്കും നല്ല ശമരായനാണ്. "ക്രിസ്തു സ്വന്തം ജീവൻ നമുക്കുവേണ്ടി പരിത്യജിച്ചു എന്നതിൽനിന്ന് സ്നേഹം എന്തെന്ന് നാം അറിയുന്നു. നമ്മളും സഹോദരർക്കുവേണ്ടി ജീവൻ പരിത്യജിക്കാൻ കടപ്പെട്ടിരിക്കുന്നു (1 യോഹ 3:16).

ശുശ്രൂഷ ആവശ്യമുള്ളവരിലേയ്ക്ക് മൃദുലസ്നേഹത്തോടെ നാം അടുക്കുമ്പോൾ ലോകത്തിന്റെ വൈരുധ്യങ്ങളിലേക്ക് പ്രത്യാശയും ദൈവത്തിന്റെ പുഞ്ചിരിയും നാം കൊണ്ടുവരുകയാണ്. മറ്റുള്ളവർക്കായി ചെയ്യുന്ന ഉദാരതാപൂർണമായ പ്രവൃത്തി നമ്മുടെ മുഖമുദ്രയായിരിക്കുമ്പോൾ നാം ക്രിസ്തുവിന്റെ ഹൃദയത്തിനു വഴിയൊരുക്കുന്നു. അതിന്റെ പ്രകാശത്തിൽ ചൂടുള്ളതാകുന്നു. അങ്ങനെ ദൈവരാജ്യസമാഗമനത്തിന് സഹായം ചെയ്യുന്നു.

4 മൃദുലസ്നേഹത്തിലും ആദരപൂർവകവും സംവേദനക്ഷമവുമായ പരസ്നേഹത്തിലും വളരുന്നതിന് വേണ്ടി ധ്യാനിക്കാനുള്ള സുനിശ്ചിതമായ ഒരു ക്രൈസ്തവമാതൃകയുണ്ട്. യേശുവിന്റെ അമ്മയും നമ്മുടെ അമ്മയുമായ മറിയമാണത്. ദൈവത്തിന്റെ ശബ്ദ വും തന്റെ മക്കളുടെ ആവശ്യങ്ങളും ക്ലേശങ്ങളും എല്ലായ്പ്പോഴും ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നവളാണ് മറിയം. അവൾ തന്റെ ഉദരത്തിൽ മനുഷ്യശരീരംപൂണ്ട ദൈവകരുണയാൽ നിർബന്ധിക്കപ്പെട്ട് തന്റെ ചാർച്ചക്കാരിയായ എലിസബത്തിനെ കാണാനും അവളെ സഹായിക്കാനും വേണ്ടി ഗലീലിയിൽനിന്ന് യൂദയായിലേയ്ക്ക് നിസ്വാർത്ഥതയോടെ പോയി. കാനായിലെ കല്യാണവിരുന്നിൽ വീഞ്ഞു തീർന്നുപോയെന്നറിഞ്ഞപ്പോൾ അവൾ തന്റെ മാധ്യസ്ഥ്യം യാചിച്ചു. ഒരു വാൾ അവളുടെ ഹൃദയത്തിൽ തുളച്ചുകയറുമെന്ന് വൃദ്ധനായ ശിമയോൻ പറഞ്ഞ വാക്കുകൾ അവൾ ജീവിതതീർത്ഥാടനത്തിൽ മുഴുവനും ഹൃദയത്തിൽ വഹിച്ചു. അവൾ സുസ്ഥിര ശക്തിയോടെ യേശുവിന്റെ കുരിശിൻചുവട്ടിൽ നിന്നു. അവൾക്ക് മാർഗം അറിയാം. ഇക്കാരണത്താൽ രോഗികളും സഹിക്കുന്നവരുമായ എല്ലാവരുടെയും അമ്മയാണവൾ. ആത്മധൈര്യത്തോടും മക്കൾക്കടുത്ത ഭക്തിയോടും കൂടി അവളിലേയ്ക്കു തിരിയാം. നമ്മെ അവൾ സഹായിക്കുകയും പിന്താങ്ങുകയും ചെയ്യുമെന്നും നമ്മെ ഒരിക്കലും ഉപേക്ഷിക്കുകയില്ലെന്നും തീർച്ചപ്പെടുത്തിക്കൊണ്ട് അങ്ങനെ ചെയ്യാം. ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിന്റെ അമ്മയാണ് അവൾ. അവൾ നമ്മുടെ കുരിശുകളുടെ അരികേ നില്ക്കുന്നു. ഉയിർപ്പിലേയ്ക്കും ജീവന്റെ പൂർണതയിലേക്കുമുള്ള നമ്മുടെ യാത്രയിൽ അവൾ നമ്മോടൊപ്പം സഞ്ചരിക്കുന്നു.



5 കുരിശിൻ ചുവട്ടിൽ മറിയത്തോടൊപ്പം നിന്ന ശിഷ്യനായ വിശുദ്ധ യോഹന്നാൻ വിശ്വാസത്തിന്റെയും പരസ്നേഹത്തിന്റെയും ഉറവിടത്തിലേയ്ക്ക് നയിക്കുന്നു. സ്നേഹമാകുന്ന (1 യോഹ 4:8,16) ദൈവത്തിന്റെ ഹൃദയത്തിലേയ്ക്കു നയിക്കുന്നു. നമ്മുടെ സഹോദരീസഹോദരന്മാരെ നാം സ്നേഹിക്കുന്നില്ലെങ്കിൽ നമുക്ക് ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ലെന്ന് അദ്ദേഹം നമ്മെ ഓർമ്മിപ്പിക്കുന്നു. മറിയത്തോടൊപ്പം കുരിശിൻചുവട്ടിൽ നില്ക്കുന്നവർ യേശു സ്നേഹിച്ചതുപോലെ സ്നേഹിക്കാൻ പഠിക്കുന്നു. കുരിശ് "ദൈവത്തിനു നമ്മോടുള്ള വിശ്വസ്തസ്നേഹത്തെക്കുറിച്ചുള്ള ഉറപ്പാണ്. മഹത്തായ ആ സ്നേഹം നമ്മുടെ പാപത്തിലേയ്ക്കു പ്രവേശിക്കുകയും അതു ക്ഷമിക്കുകയും ചെയ്യുന്നു. അത് നമ്മുടെ സഹനത്തിലേയ്ക്കു പ്രവേശിക്കുകയും സഹിക്കാനുള്ള ശക്തി നമുക്കു നല്കുകയും ചെയ്യുന്നു. മരണത്തിലേയ്ക്കു പ്രവേശിക്കുകയും അതിനെ കീഴടക്കുകയും നമ്മെ രക്ഷിക്കുകയും ചെയ്യുന്ന സ്നേഹമാണത്. ക്രിസ്തുവിന്റെ സ്നേഹത്താൽ കീഴടക്കപ്പെടുന്നതിന് സ്വയം അനുവദിക്കാൻ അവിടത്തെ കുരിശു നമ്മെ ക്ഷണിക്കുന്നു. മറ്റുള്ളവരെ പ്രത്യേകിച്ച് സഹിക്കുന്നവരെയും സഹായം ആവശ്യമുള്ളവരെയും കരുണയോടും വാത്സല്യത്തോടും കൂടി എപ്പോഴും നോക്കാൻ നമ്മെ പഠിപ്പി ച്ചുകൊണ്ട് അങ്ങനെ ചെയ്യുന്നു" (യുവജനങ്ങളോടൊപ്പമുള്ള കുരിശിന്റെ വഴി, റിയോഡി ജനീറോ 26 ജൂലൈ 2013).

6 ഇരുപത്തിരണ്ടാം ലോകരോഗീദിനാചരണം കന്യകാമറിയ ത്തിന്റെ മധ്യസ്ഥതയ്ക്കു ഞാൻ സമർപ്പിക്കുന്നു. ക്ലേശങ്ങൾ യേശുവിനോടൊപ്പം സഹിക്കാൻ രോഗികളെ സഹായിക്കുന്നതിന് ഞാൻ അവളോടു പ്രാർത്ഥിക്കുന്നു. രോഗികളെ പരിചരിക്കുന്ന എല്ലാവരെയും സഹായിക്കാനും ഞാൻ അവളോട് പ്രാർത്ഥിക്കുന്നു. എല്ലാ രോഗികൾക്കും രോഗികളെ ശുശ്രൂഷിക്കുന്ന എല്ലാവർക്കും, അവരെ സഹായിക്കുന്ന സന്നദ്ധസേവകർക്കും ഞാൻ ഹൃദയപൂർവം അപ്പസ്തോലികാശിർവാദം നല്കുന്നു.

വത്തിക്കാനിൽ നിന്ന് 6 ഡിസംബർ 2013

**ഫ്രാൻസിസ് മാർപാപ്പാ**

# 2014 ഫെബ്രുവരി 9 തിരുബാലസഖ്യദിനം

## കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ ഏറ്റവും പ്രിയപ്പെട്ട മാതാപിതാക്കന്മാരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

1 ഫെബ്രുവരിയിലെ രണ്ടാമത്തെ ഞായറാഴ്ചയാണല്ലോ എല്ലാ വർഷവും തിരുബാലസഖ്യദിനമായി ആഗോള കത്തോലിക്കാസഭ ആചരിക്കുന്നത്. ബാല്യം മുതലേ ഈശോ മാതാപിതാക്കന്മാർക്ക് വിധേയനായി ജീവിച്ചുവെന്ന കാര്യം ഈ സുദിനത്തിൽ നമ്മുടെയെല്ലാം പരിചിന്തനത്തിനു വിധേയമാകണം. 1843-ൽ ഫ്രാൻസിലെ നാൻസി രൂപതാദ്ധ്യക്ഷൻ ബിഷപ് ചാൾസ് ഡി ഫോർബിൻ ജാക്സൺ തിരുബാലസഖ്യത്തിന് രൂപം കൊടുക്കുകയും 1922-ൽ 10-ാം പീയൂസ് പാപ്പ, ഇതിനെ പൊന്തിഫിക്കൽ പദവിയിലേയ്ക്ക് ഉയർത്തുകയും ചെയ്തു. 11-ാം പീയൂസ് മാർപാപ്പ, 1950-ലാണ് ഫെബ്രുവരി രണ്ടാം ഞായറാഴ്ച തിരുബാല സഖ്യദിനമായി ആഗോളസഭ ആചരിക്കണമെന്ന് നിഷ്കർഷിച്ചത്.

2 നസ്രത്തിൽ യൗസേപ്പുപിതാവും പരിശുദ്ധ കന്യകാമറിയവും ഉണ്ണിയേശുവിൽ തിരുബാലനെ കണ്ടെത്തുന്നത് അവരുടെ ദൈവപദ്ധതിയുമായുള്ള പങ്കുചേരലിലാണ്. ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. "ശുഭമായ ഭാവിക്കു"വേണ്ടിയുള്ള ദൈവിക പദ്ധതിക്ക് കൂട്ടുനിൽക്കുവാൻ മാതാപിതാക്കന്മാർ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

3 ഒന്നാമത്, കുട്ടികൾ "പാറമേൽ പണിത ഭവനങ്ങൾ" പോലെയാകണം. മാതാപിതാക്കന്മാരുടെ വിശ്വാസതീക്ഷ്ണതയും ആഴപ്പെട്ട ബോധ്യങ്ങളുടെ ദൃഢമായ സ്നേഹവുമുള്ള പാറമേൽ വേണം ബാല്യങ്ങളും കൗമാരങ്ങളും രൂപപ്പെടുവാൻ. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും കത്തോലിക്കാ സഭാചൈതന്യത്തിൽ ആയിരിക്കുകയും സാമൂഹിക പ്രതിജ്ഞാബദ്ധതയോടെ ജീവിക്കുകയും ചെയ്യുക എന്നത് ഈ ആഴപ്പെട്ട



ജീവിതത്തിന് ആവശ്യമാണ്. ദൈനംദിന കുടുംബപ്രാർത്ഥനയും കൗദാശിക ജീവിതവും കുട്ടികളുടെ മതബോധനവും ഒക്കെ പ്രത്യേകം ശ്രദ്ധിക്കേണ്ട മേഖലകളാണ്.

4 രണ്ടാമത്, ഒരു സമർപ്പണ ചിന്തയാണ്. "വളർത്തുന്നവൻ ദൈവമാണ്" എന്ന സത്യം തിരിച്ചറിയുമ്പോൾ പരിശുദ്ധ അമ്മ ചെയ്തതുപോലെ ഓരോ കുഞ്ഞിനെയും ദൈവാലയത്തിൽ കൊണ്ടു ചെന്ന് ദൈവത്തിന് കാഴ്ചവയ്ക്കും. അതായത്, ദൈവപദ്ധതിക്ക് പൂർണ്ണമായും കുട്ടികളെ വിട്ടുകൊടുക്കും. അവരുടെ ജീവിതപാതകളെ മെനയുന്ന കർത്താവിന് അവരെ വിട്ടുകൊടുക്കുമ്പോൾ വിടുതലിന്റെ സ്വാതന്ത്ര്യവും നല്ല ദൈവത്തിലുള്ള കൂടുതലായ ആശ്രയബോധവും അവർക്ക് സ്വന്തമാകും. പൗരോഹിത്യ സന്ന്യാസ ജീവിതാന്തസിലേക്കു നീങ്ങാനാഗ്രഹിക്കുന്ന കുട്ടികളുടെ മാതാപിതാക്കന്മാരും ബന്ധുക്കളും സുഹൃത്തുക്കളും അവരെ അതിന് അനുയോജ്യമായ രീതിയിൽ കൈപിടിക്കേണ്ടതാണ്. അതിനു തയ്യാറാവാതെ അവരുടെ സ്വപ്നങ്ങളെ വിലയിടിച്ചു കാണിക്കുകയും അവരെ അതിൽനിന്ന് പിന്തിരിപ്പിക്കുകയും ചെയ്യുന്നവർ ദൈവപദ്ധതിയോട് പടപൊരുതുകയാണ് ചെയ്യുന്നത്. "കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത്" എന്നത് ഒരു ദൈവകല്പനയായി നാം തിരിച്ചറിയണം.

5 ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തിരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോടു ചേർന്ന് അധ്യാപകരും കുട്ടികളെ പരിശീലിപ്പിക്കേണ്ടതുണ്ട്. ഒരു വൈകാരിക വിസ്ഫോടനത്തിനു ശേഷമോ, മാതാപിതാക്കളുടെയും മുതിർന്നവരുടെയും പ്രീതിക്കുവേണ്ടിയോ ആവരുത് ഈ തിരഞ്ഞെടുപ്പുകൾ കുട്ടികൾ നടത്തുന്നത്. സമാധാനപൂർണ്ണവും സർഗ്ഗാത്മകവുമായ ഭാവിക്ക് ശരിയായ തിരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആദ്ധ്യാത്മിക ഗുരുക്കന്മാരും മുന്നോട്ടു വരണം. മക്കളെ നന്നായി വളർത്തുകയെന്നത് കുഞ്ഞുങ്ങൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽനിന്നു വരുന്ന ഉത്തരവാദിത്വമാണ്. ഇത് കൂടുതൽ തെളിയേണ്ട സാമൂഹിക സാഹചര്യങ്ങളുമാണ് ഇന്നുള്ളത്.

6 കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശാരീരികവും ആദ്ധ്യാത്മിക വുമായ അപകട മേഖലകൾ കൂടിവരുന്നത് നാം തിരിച്ചറിയണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്ന വരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. മുതിർന്നവർ ലൈംഗികമായി കുട്ടികളെ ദുരുപയോഗം ചെയ്യാതിരിക്കാനും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേയ്ക്ക് കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കന്മാർ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. സോഷ്യൽ മീഡിയയിലൂടെയും ടെലിഫോൺ ഉപയോഗത്തിലൂടെയും കുട്ടികൾ വഴിതെറ്റാതിരിക്കുവാനും പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും നിശ്ശബ്ദതകളും ഒക്കെ തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതമായി നയിക്കുവാൻ എല്ലാ മാതാപിതാക്കന്മാരും ശ്രദ്ധിക്കണം.

7 സഭയോടൊത്തു ചിന്തിക്കാനും പ്രവർത്തിക്കാനും കുട്ടികളെ പഠിപ്പിക്കുകയും വേണം. പൈശാചികവും തെറ്റിക്കുന്നതുമായ മേഖലകളിൽനിന്ന് കുട്ടികളെ ഒഴിവാക്കി നിറുത്തുവാൻ സഭയോടും സഭാതനയരോടും ചേർന്നു നില്ക്കുക, പ്രവർത്തിക്കുക അത്യാവശ്യമാണ്. കുടുംബയൂണിറ്റുകളുടെയും സഭാസംഘടനകളുടെയും പ്രവർത്തനങ്ങളിൽ പങ്കെടുക്കാനും സഭാധികാരികളോട് സ്നേഹവും പരിഗണനയും ഉള്ളവരായി വളരാനും കുട്ടികളെ പ്രോത്സാഹിപ്പിക്കണം. സഭാചൈതന്യത്തിൽ കുട്ടികളെ വളർത്തുന്ന എല്ലാ മാതാപിതാക്കന്മാരേയും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പേരിൽ ഞങ്ങളുടെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

8 തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ നമ്മുടെ കുഞ്ഞുങ്ങളെ 'തിരുബാല്യ'ത്തിലേയ്ക്ക് ഉയർത്തുവാൻ സഭയുടെ എല്ലാ ഘടകങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ ഇടയാകണം. അതിനാൽ പ്രിയ സഹോദരങ്ങളേ, നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിൻ



മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ.

സ്നേഹപൂർവ്വം,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റോം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

NB: 2014 ഫെബ്രുവരി 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# 2014 ജനുവരി 15 കർഷകദിനം

## കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഇൻഫാം എന്ന കർഷക സംഘടന രൂപീകരിച്ചിട്ട് ഒരു പതിറ്റാണ്ടിലേറെയായി. കർഷകരും കാർഷികമേഖലയും വലിയ പ്രതിസന്ധികളിലൂടെ കടന്നുപോയ ഒരു കാലഘട്ടത്തിലാണ് ഇൻഫാം രൂപം കൊണ്ടത്. കർഷകരുടെ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കണ്ടെത്താൻ ഈ സംഘടനയുടെ ഇന്നിതുവരെയുള്ള പ്രവർത്തനത്തിലൂടെ സാധിച്ചിട്ടുണ്ട് എന്നത് നമുക്ക് അഭിമാനകരമാണ്. എങ്കിലും പരിഹരിക്കപ്പെടാത്ത നിരവധി പ്രശ്നങ്ങൾ ഇനിയും കർഷകർക്ക് മുമ്പിലുണ്ട്. അതിനാൽ ഇൻഫാമിന്റെ പ്രസക്തി ഇന്ന് ഏറെ വർദ്ധിച്ചിരിക്കുന്നു.

ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ സഹകാരികളാണ് കർഷകർ. അവരുടെ അദ്ധ്വാനഫലങ്ങളാണ് മാനവരാശിയെ നിലനിറുത്തുന്നത്. കർഷകൻ മണ്ണിൽ വിളയിക്കുന്ന ധാന്യങ്ങളും ഇതര ഫലങ്ങളുമാണ് ഭക്ഷ്യസുരക്ഷയുടെ അടിസ്ഥാനം. ഭക്ഷ്യസുരക്ഷയെക്കുറിച്ച് ആശങ്കപ്പെടുന്ന ഇന്നത്തെ കാലഘട്ടത്തിൽ കർഷകരുടെ സംരക്ഷ

ണവും പ്രോത്സാഹനവും മാനവരാശിയുടെ നിലനിൽപ്പിനുതന്നെ അത്യന്താപേക്ഷിതമാണ്. നിർഭാഗ്യവശാൽ, കർഷകരെ അവഗണിക്കുകയും കാർഷികമേഖലയെ അവമതിക്കുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. കർഷകരെ അങ്ങേയറ്റം ചൂഷണത്തിനും പീഡനത്തിനും ഇരയാക്കുന്ന തരത്തിൽ ഇന്നത്തെ കമ്പോളവ്യവസ്ഥ മാറ്റപ്പെട്ടിരിക്കുന്നു. കർഷകരുടെ ഉത്പന്നങ്ങൾക്ക് ഉത്പാദനചെലവിനനുസരിച്ചുള്ള വിലപോലും നല്കാതെ ഇടനിലക്കാരും വൻകിട കച്ചവടക്കാരും വ്യവസായികളും നിർദ്ദാക്ഷിണ്യം അവരെ കൊള്ളയടിക്കുന്നു. കർഷകർക്ക് സഹായികളാകേണ്ട ഭരണകൂടമാകട്ടെ, ഈ ചൂഷണവ്യവസ്ഥയെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ് ചെയ്യുന്നത്.

നാളികേരം, റബർ, കുരുമുളക്, ഏലം, കൊക്കോ തുടങ്ങി സകല ഉല്പന്നങ്ങളുടെയും വിലയിടിവ് കർഷകരെ പ്രതിസന്ധിയിലാഴ്ത്തിയിരിക്കുകയാണ്. കാലാവസ്ഥ വ്യതിയാനം സാരമായി ബാധിച്ചതിനു പുറമെ ഗവൺമെന്റുകളുടെ നിരുത്തരവാദിത്വപരവും നിഷേധാത്മകവുമായ നിലപാടുകളും കാർഷികമേഖലയുടെ നടുവൊടിച്ചിരിക്കുകയാണ്.

വൻവ്യവസായികളുടെ താളത്തിനൊത്ത് തുള്ളിക്കൊണ്ട് കേന്ദ്ര ഗവണ്മന്റ് നടത്തിയ റബ്ബർ ഇറക്കുമതി സാധാരണക്കാരായ കർഷകരോട് ചെയ്തത് കൊടുംക്രൂരതയും വൻചതിയുമാണ്. 2011-2012 കാലത്ത് കിലോയ്ക്ക് 260 രൂപ ലഭ്യമായിരുന്ന റബ്ബറിന് 150 രൂപയിൽ താഴെ വിലയിടിച്ചതുവഴി 90 ലക്ഷം ടൺ റബ്ബർ ഉത്പാദിപ്പിക്കുന്ന ചെറുകിട റബ്ബർ കർഷകർക്ക് ഒൻപതിനായിരം കോടി രൂപ ഇതിനകംതന്നെ നഷ്ടപ്പെട്ടുകഴിഞ്ഞു. 2002-ലെ കേന്ദ്ര സർക്കാരിന്റെ കാലത്ത് ഏർപ്പെടുത്തിയ ഇറക്കുമതിക്കുള്ള തുറമുഖ നിയന്ത്രണവും ഗുണനിലവാരപരിശോധനയും 20% ഇറക്കുമതി തിരുവയും എടുത്തുകളഞ്ഞതാണ് ഇന്നത്തെ പ്രതിസന്ധിക്ക് കാരണം. ഏലം കർഷകരും ദീർഘകാലമായി വൻ വിലത്തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നു. ഉത്പന്നങ്ങൾ വില്ക്കുമ്പോൾ ഉത്പാദനച്ചെലവുപോലും ലഭിക്കാത്ത പരിതാപകരമായ അവസ്ഥയിലാണ് ഏലം കർഷകർ. നീണ്ടകാലം അഭിമുഖീകരിക്കേണ്ടിവന്ന വിലയിടിവും ചെടികളെ ബാധിച്ച രോഗങ്ങളും കാലാവസ്ഥാപ്രശ്നങ്ങളും കാർഷികവൃത്തിയെത്തന്നെ ഉപേക്ഷിക്കാൻ കർഷകരെ നിർബന്ധിക്കുന്നു. കാർഷിക വിളനിലങ്ങൾ



ഇന്ന് തരിശുനിലങ്ങളായി മാറ്റപ്പെടുമ്പോൾ കർഷകരെ മാത്രം പഴിചാരിയിട്ട് യാതൊരു കാര്യവുമില്ല. നാളികേരം, നെല്ല്, പച്ചക്കറികൾ, മറ്റു കാർഷിക വിളകളുടെ ഉത്പാദനം ഇവ മനുഷ്യന്റെ നിലനില്പിന് അത്യന്താപേക്ഷിതമാകയാൽ ആ മേഖലയെ പാടേ ഉപേക്ഷിച്ചുകൊണ്ട് ഒരു ഭരണകൂടത്തിനോ ജനതതിക്കോ മുന്നോട്ടു പോകാനാവില്ല. കാർഷികമേഖലയുടെ സമഗ്രവളർച്ചയിലും കർഷകരുടെ ഉന്നമനത്തിലും ഗവൺമെന്റിന്റെ സത്വരശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

ഗാഡ്ഗിൽ കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ വിയർപ്പൊഴുക്കി പടുത്തുയർത്തിയ സ്വപ്നഭൂമിയിൽ ആശങ്കയോടെ ജീവിക്കേണ്ട അവസ്ഥയിലാണ് മലയോരകർഷകർ എത്തിനിൽക്കുന്നത്. പശ്ചിമഘട്ടത്തിന്റെ സംരക്ഷണത്തിന്റെ ഭാഗമായി മഹാരാഷ്ട്ര, ഗോവ, കർണ്ണാടക, തമിഴ്നാട് പ്രദേശങ്ങളിലെ വനഭൂമിയുടെ (നാച്ചുറൽ ലാന്റ് സ്കേപ്പ്) 5 മുതൽ 10 ശതമാനം വരെ സ്ഥലം ഇ.എസ്.എ. പരിധിയിൽനിന്നും ഒഴിവാക്കപ്പെട്ടപ്പോൾ കേരളത്തിൽ വനഭൂമിയോടൊപ്പം കൃഷിസ്ഥലത്തിന്റെ 7% കൂടി ഇ.എസ്.എ. യുടെ പരിധിയിൽപ്പെടുത്താൻ ബാഹ്യ ഇടപെടലിലൂടെ ഇടവന്നു എന്നതാണ് കേരളത്തിലെ ജനങ്ങളുടെ ദുരിതം വർദ്ധിപ്പിച്ചത്. ഇതിലൂടെ കഷ്ടത്തിലായത് 22 ലക്ഷത്തോളം വരുന്ന സാധാരണ കർഷകരാണ്. മലനാട്, ഇടനാട്, തീരപ്രദേശം ഇവ ചേർന്നതാണ് കേരളം. ഇ.എസ്.എ. ആയി പ്രഖ്യാപിക്കുമ്പോൾ മലനാടും, തീരദേശസംരക്ഷണത്തിന്റെ പേരിൽ തീരപ്രദേശവാസികളും, പുഴ, റോഡ് ഇവയുടെ സംരക്ഷണത്തിന്റെ പേരിൽ ഇടനാടും കൂടുതൽ ഞെരുക്കപ്പെടുന്നു. മൊത്തത്തിൽ കേരളത്തിന്റെ മുഴുവൻ ശാപമായി മാറുന്നു ഈ റിപ്പോർട്ടുകൾ. പുൽമേടുകൾ നിറഞ്ഞ ഹൈറേഞ്ച് പ്രദേശങ്ങളെ മനുഷ്യാദ്ധ്വാനംകൊണ്ട് വനതുല്യമാക്കിയതാണോ കർഷകർ ചെയ്ത തെറ്റ്? കേരള സർക്കാർ നിയോഗിച്ചിരിക്കുന്ന കമ്മീഷൻ ഇക്കാര്യങ്ങൾ മനസ്സിലാക്കി ഉചിതമായ നിർദ്ദേശങ്ങൾ സർക്കാരിന് നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

വനവും പരിസ്ഥിതിയും സംരക്ഷിക്കപ്പെടുകതന്നെ വേണം. മലയോര കർഷകരെ വിശ്വാസത്തിലെടുക്കാതെ വനഭൂമി സംരക്ഷിക്കപ്പെടുകയില്ല; പരിസ്ഥിതിയും സംരക്ഷിക്കപ്പെടുകയില്ല. ഇക്കാര്യം നന്നായി അറിയാവുന്നവരാണ് ജനങ്ങളും സർക്കാരുകളും പരിസ്ഥിതി പ്രവർത്തകരും. സമ്പന്ന രാജ്യങ്ങളുടെ കാർബൺ ഡെപ്പോസിറ്റിന് സാമ്പത്തിക പിന്നോക്കരാജ്യങ്ങളെ സമ്മർദ്ദത്തിലാക്കി ചൂഷണം ചെയ്യുന്ന കാര്യത്തെക്കുറിച്ച് ഇവിടുത്തെ ജനങ്ങൾ അജ്ഞരല്ല. അതിന്

എല്ലാ ഒത്താശകളും ചെയ്തുകൊടുക്കുന്ന ജനപ്രതിനിധികളെയും ജനം തിരിച്ചറിയുന്നുണ്ട്. ജലസ്രോതസ്സുകൾ നികത്തി വികസനപ്രവർത്തനങ്ങൾ നടത്തുന്നവരെ തിരിച്ചറിയാതെ പോകുന്ന പരിസ്ഥിതി പ്രവർത്തകരുടെ കപടതയും ജനം മനസ്സിലാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കർഷകകൂട്ടായ്മകളും ഇൻഫാം പോലെയുള്ള കാർഷിക സംഘടനകളും ഉണർന്ന് പ്രവർത്തിക്കുന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

നമ്മുടെ സഹോദരങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധിയുടെ അവസ്ഥകൾ നാം എല്ലാവരും തിരിച്ചറിയണം. അറിയാനും പ്രതികരിക്കാനും തയ്യാറാകുമ്പോഴേ അവരുടെ പ്രതിസന്ധികളിൽ നാം സഹായികളായി മാറുകയുള്ളൂ. തൃശ്ശൂർ, എറണാകുളം, കോട്ടയം, പത്തനംതിട്ട ജില്ലകൾ ഉൾക്കൊള്ളുന്ന ഇൻഫാം മദ്ധ്യമേഖലയുടെ കർഷക കൺവെൻഷൻ 2014 ഫെബ്രുവരി 12 ന് തൊടുപുഴയിൽവച്ച് നടക്കുന്നതാണ്. അതിന് മുന്നോടിയായി പ്രാദേശിക കർഷക കൂട്ടായ്മകൾ വിവിധ പ്രദേശങ്ങളിലായി സംഘടിപ്പിച്ച് വിശദീകരണങ്ങൾ നൽകാനുള്ള പദ്ധതികൾ ഇൻഫാം ജില്ലാ, രൂപതാ സമിതികൾ ആവിഷ്കരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ പ്രാദേശിക കർഷകസംഗമങ്ങളെയും അതെത്തുടർന്നുള്ള തൊടുപുഴയിലെ കർഷക കൺവെൻഷനെയും കർഷക അവകാശ സംരക്ഷണത്തിനുള്ള ഒത്തുചേരലായി മാറ്റണമെന്ന് ആഹ്വാനം ചെയ്യുന്നു.

ഒരു പതിറ്റാണ്ടിലേറെയായി കാർഷികമേഖലയുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമാക്കി സഭയുടെ നേതൃത്വത്തിൽ ആരംഭിച്ച കർഷകരുടെ കൂട്ടായ്മയായ ഇൻഫാമിന്റെ ഭരണസാരഥ്യം വളരെ സ്തുത്യർഹമായി നിർവഹിച്ച തലശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് വലിയമറ്റം പിതാവിന് കർഷകരുടെ പേരിൽ ഒരായിരം നന്ദിയും ആദരവിന്റെ പൂച്ചെണ്ടുകളും അർപ്പിക്കുന്നു. ഇൻഫാമിന്റെ പ്രവത്തനങ്ങൾ സജീവമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് എല്ലാവരുടെയും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ എല്ലാ നല്ല ഉദ്യമങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,
**ബിഷപ്പ് മാർ മാത്യു അറയ്ക്കൽ**
എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം



# നവീകൃത സമൂഹനിർമ്മിതിക്ക് നവീകരിക്കപ്പെടേണ്ട സഭ
## കെസിബിസി മാർഗനിർദ്ദേശങ്ങൾ

യേശുവിൽ പ്രിയപ്പെട്ടവരേ,

സാർവത്രിക സഭ വിശ്വാസവർഷം ആചരിച്ചതിന്റെയും നവസുവിശേഷവത്കരണത്തിന്റെയും പശ്ചാത്തലത്തിലാണ് കേരള കത്തോലിക്കാസഭയുടെ അജപാലനശുശ്രൂഷകൾ നവീകരിക്കുക എന്ന ലക്ഷ്യത്തോടെ "നവീകൃത സമൂഹനിർമ്മിതിക്ക് നവീകരിക്കപ്പെടേണ്ട സഭ" എന്ന വിഷയത്തെ ആസ്പദമാക്കി കെസിബിസി പഠനരേഖ പ്രസിദ്ധീകരിച്ചത്. രൂപതാതലത്തിലും സന്ന്യാസസഭാതലത്തിലും ചർച്ചചെയ്ത പഠനരേഖയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ 2013 ഡിസംബർ 10-ന് പി.ഒ.സി.-യിൽ കൂടിയ കേരള സഭയുടെ പൊതു പാസ്റ്ററൽ കൗൺസിലായ കേരള കാത്തലിക് കൗൺസിലും തുടർന്നു നടന്ന കെസിബിസി യോഗവും ചർച്ച ചെയ്യുകയും സഭാശുശ്രൂഷയുടെ നവീകരണത്തിനായി മാർഗനിർദ്ദേശങ്ങൾ നല്കാൻ തീരുമാനിക്കുകയും ചെയ്തു. സുവിശേഷത്തിന്റെ സന്തോഷം ഉൾക്കൊണ്ട് വിശ്വാസവെളിച്ചത്താൽ പ്രേരിതരായി താഴെക്കൊടുത്തിരിക്കുന്ന മാർഗനിർദ്ദേശങ്ങൾ രൂപതാതലത്തിലും സന്ന്യാസസമൂഹതലത്തിലും നടപ്പിലാക്കാൻ പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1. രൂപതാതലത്തിലും സന്ന്യാസസമൂഹതലത്തിലും കേരള കത്തോലിക്കാസഭയിലെ മൂന്ന് വ്യക്തിഗത സഭകളുടെ കൂട്ടായ്മ പ്രകടമാകുന്ന ഒരുമിച്ചുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ പരിശ്രമിക്കേണ്ടതാണ്. സഭയെയും സമൂഹത്തെയും ജനങ്ങളെയും സംബന്ധിക്കുന്ന പൊതുവിഷയങ്ങളിൽ കേരളത്തിലെ മൂന്നു കത്തോലിക്കാ വ്യക്തിഗതസഭകളും സഹകരിച്ചു പ്രവർത്തിക്കുകയും ഒരേ അഭിപ്രായം പ്രകടമാക്കുകയും വേണം.
2. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായുടെ ജീവിതശൈലി, വാക്കുകൾ, ദരിദ്രരോടും രോഗികളോടുമുള്ള പ്രത്യേക പരിഗണന, തെരുവീഥികളിലേക്ക് പോകാനുള്ള ആഹ്വാനം, ലാളിത്യം, കരുണ എന്നിവ എല്ലാ തലങ്ങളിലും പ്രകടമാക്കണം. ആർഭാടവും ധൂർത്തും എല്ലാ കാര്യത്തിലും ഒഴിവാക്കണം. ആളുകളെ വ്യക്തിപരമായി പരിഗണി

ക്കുന്ന അജപാലനശൈലി എല്ലാ മേഖലകളിലും വളർത്തിയെടുക്കാൻ സഭാശുശ്രൂഷകർ പരിശ്രമിക്കേണ്ടതാണ്.

3. കുട്ടികൾക്കും യുവാക്കൾക്കും വേണ്ടിയുള്ള പ്രവർത്തനം സഭയിൽ ശക്തിപ്പെടുത്തണം. മദ്യപാനം, മയക്കുമരുന്ന്, അശ്ലീലത, തെറ്റായ മീഡിയ ഉപയോഗം എന്നിവയിൽ നിന്ന് അവരെ രക്ഷിക്കാൻ നിരന്തരശ്രമം നടത്തണം. കുടുംബമൂല്യങ്ങൾ, ലൈംഗികത എന്നിവയെക്കുറിച്ച് സ്കൂൾ, കോളേജു തലങ്ങളിൽ ക്ലാസുകൾ നല്കണം. സംഘടനകളിൽ ചേർന്നു പ്രവർത്തിക്കാൻ പ്രോത്സാഹിപ്പിക്കണം. അല്മായ സംഘടനകൾ വിശ്വാസപരിശീലനത്തിന് പ്രാമുഖ്യം കൊടുക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

4. വനിതാസംഘടനകളും യുവജനസംഘടനകളും കാലഘട്ടത്തിനൊത്ത വിധത്തിലുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. സംഘടനകൾ, കമ്മീഷനുകൾ എന്നിവയുടെ പ്രവർത്തനത്തിൽ രൂപതയിലും കെസിബിസി തലത്തിലും കോ-ഓർഡിനേഷൻ ഉണ്ടാകണം. കേരളത്തിനു വെളിയിൽ പഠനത്തിനും ജോലിക്കും പോകുന്നവർക്ക് അജപാലനശുശ്രൂഷ ഉറപ്പാക്കണം. സോഷ്യൽ മീഡിയാ വഴി അവർക്ക് ഗൈഡൻസ് കൊടുക്കാൻ വേണ്ടതു ചെയ്യണം.

5. സ്ഥാപനങ്ങൾ സുതാര്യതയോടെ നടത്താൻ പരിശ്രമിക്കണം. ദരിദ്രരോടുള്ള പ്രത്യേക കരുതൽ എല്ലാ സ്ഥാപനങ്ങളിലും പ്രത്യേകിച്ച് വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയിൽ ഉണ്ടാകണം. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നല്കാൻ പരിശ്രമിക്കണം. ഭൂമി, വീട് എന്നിവ ഇല്ലാത്തവർക്ക് അവയുണ്ടാകുന്നതിന് സഭ ഒറ്റക്കെട്ടായി പ്രവർത്തിക്കണം. എല്ലാവർക്കും ആരോഗ്യപരിരക്ഷ ഉറപ്പുവരുത്താൻ സഭാപ്രവർത്തകർക്ക് സാധിക്കണം.

6. സ്ത്രീകളുടെ നേതൃത്വം വളർത്തണം. അവരുടെ സ്ത്രൈണത, ജീനിയസ് എന്നിവ സഭയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് ഉപയോഗിക്കണം. അമ്മമാർ കുട്ടികളിലേയ്ക്ക് വിശ്വാസവും മൂല്യവും സംക്രമിപ്പിക്കുന്നതിന് പരിശീലിപ്പിക്കപ്പെടണം. വിഭിന്ന കഴിവുകളുള്ള കുട്ടികൾക്ക് സൗകര്യങ്ങൾ ലഭ്യമാക്കുകയും അവർ



ക്കു പരിഗണന നല്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും വേണം.

7. അല്മായരെ സഭാപ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാക്കണം. സാമൂഹിക പ്രശ്നങ്ങളിലും രാഷ്ട്രീയത്തിലും മൂല്യബോധത്തോടെയും പൊതുനന്മ ലക്ഷ്യംവച്ചും അവർ പ്രവർത്തിക്കാനിടയാകണം. വിവിധ രംഗങ്ങളിൽ വിദഗ്ധരായവരുടെ സേവനം സഭാകാര്യത്തിൽ ഉപയോഗപ്പെടുത്തണം.

8. പ്രോ-ലൈഫ് പ്രവർത്തനം കാലഘട്ടത്തിന്റെ അടിയന്തരാവശ്യമാണ്. കൂടുതൽ കുട്ടികളുള്ള കുടുംബങ്ങളെ ആദരിക്കുവാനും അവരുടെ ബുദ്ധിമുട്ടുകളിൽ സഹായകമാകാനും സഭയ്ക്ക് സാധിക്കണം. ജീവന്റെ ദിനവും വാരവും ആഘോഷിക്കണം. വയോജനങ്ങൾക്ക് ഇടവകതലത്തിൽ ഒന്നിച്ചുകൂടാൻ അവസരമുണ്ടാകണം. വൃദ്ധജനങ്ങളെ സ്നേഹത്തോടെ ശുശ്രൂഷിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് പുതുതലമുറയെ ബോധവത്കരിക്കാനും കഴിയണം.

9. സഭയുടെ പ്രവർത്തനങ്ങളിൽ കുടുംബ അജപാലനശുശ്രൂഷയ്ക്ക് കൂടുതൽ പ്രാധാന്യം നല്കാൻ പരിശ്രമിക്കണം. വീടുകളിൽ കുടുംബപ്രാർത്ഥന ദിവസവും നടക്കുന്നെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇടവകകളിൽ ദമ്പതീധ്യാനം, മുതിർന്നവർക്കുള്ള മതബോധനം, തുടർപരിശീലനം എന്നിവ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. എല്ലാ ഇടവകകളിലും സന്ന്യാസസമൂഹങ്ങളുടെ കീഴിൽ ഹോംമിഷൻ പ്രവർത്തനം കൂടുതൽ ഊർജസ്വലമാക്കാൻ പരിശ്രമിക്കേണ്ടതാണ്. ജീവസംക്രമണത്തിൽ ദമ്പതികളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് കുടുംബങ്ങളെ ബോധവത്ക്കരിക്കാനുള്ള പരിശ്രമങ്ങൾ ഉണ്ടാകണം.

10. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് മദ്യവിരുദ്ധ പ്രവർത്തനങ്ങൾ, സജീവമാക്കണം. എല്ലാ ഇടവകകളിലും മദ്യവിരുദ്ധ സമിതികൾ രൂപീകരിക്കണം. ഇടവകയെ മദ്യവിമുക്ത ഇടവകയാക്കത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ സജീവമാക്കണം. ഇത്തരം പ്രവർത്തനങ്ങളിലൂടെ ക്രൈസ്തവവിശ്വാസത്തിന് സജീവസാക്ഷ്യം നല്കുന്ന സമൂഹമായി ഇടവകയെ മാറ്റുകയായിരിക്കണം ലക്ഷ്യം. ഡീ അഡിക്ഷൻ സെന്ററുകൾ എല്ലാ രൂപതയിലും ഉണ്ടാകണം. മദ്യപന്മാരോടും അവരുടെ കുടുംബങ്ങളോടും വ്യക്തിപരമായ ബന്ധം പുലർത്തി അവരെ ലഹരിയിൽനിന്ന് മോചിപ്പിക്കാൻ പരിശ്രമിക്കണം.

11. സെക്ടുകളിലേയ്ക്കും മറ്റു അന്ധവിശ്വാസങ്ങളിലേയ്ക്കും പോകാതെ നമ്മുടെ ജനങ്ങളെ യഥാർത്ഥ വിശ്വാസത്തിൽ നിലനിറുത്താനും ആഴപ്പെടുത്താനുമുള്ള ശ്രമങ്ങൾ ഉണ്ടാകണം. പോയവരെ തിരിച്ചു കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടത്തണം. സാത്താൻസേവ പോലുള്ള ഭീകരമായ തിന്മയിലേയ്ക്ക് പോകുന്ന പ്രവണതകളെ തിരിച്ചറിയാനും അതിനെതിരെ ശക്തമായ നടപടികൾ കൈക്കൊള്ളാനും സാധിക്കേണ്ടതാണ്. വിശ്വാസം ഉപേക്ഷിച്ചു പോകുന്നവരോട് സൗഹാർദ്ദതയോടെയും കരുണയോടെയും പെരുമാറണം. കുടുംബകൂട്ടായ്മകൾ ശക്തിപ്പെടുത്തി അവയെ വിശ്വാസബോധന വേദികളാക്കണം. സഭാപരവും ആരാധനാക്രമപരവുമായ ആധ്യാത്മികത വളർത്തുന്നതിലും ജീവിക്കുന്നതിലും എല്ലാവരും ഉത്സുകത കാണിക്കണം.
12. പാവപ്പെട്ടവരെ സഹായിക്കുന്ന മനഃസ്ഥിതി വിശ്വാസികളിൽ വളർത്തണം. പൊതുനന്മയ്ക്കുവേണ്ടി സംഭാവന ചെയ്യാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കണം. സഭാപ്രവർത്തനങ്ങൾ സ്വാശ്രയത്തിലെത്തുന്നതിന് വിശ്വാസികൾ സന്മനസ്സോടും ഉദാരതയോടും കൂടെ സംഭാവനകൾ നല്കണം. അങ്ങനെ പങ്കുവെയ്ക്കലിന്റെ ജീവിതശൈലി രൂപപ്പെടുത്തണം.

**കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ**
പ്രസിഡന്റ്, കെസിബിസി
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെസിബിസി
**ബിഷപ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെസിബിസി

## രൂപതക്കച്ചേരി

### *C. 8/2014* അഖിലലോക രോഗീദിനം

2014 ഫെബ്രുവരി 11-ാം തീയതി ചൊവ്വാഴ്ച അന്താരാഷ്ട്ര ക്രൈസ്തവ സമൂഹം ലോകരോഗീദിനം ആചരിക്കുകയാണ്. സഹനം മനുഷ്യജീവിതത്തിന്റെ അവിഭാജ്യഘടകമാണ്. അതിനെ സ്വീകരിക്കാനും അതിജീവിക്കാനും മനുഷ്യൻ പഠിക്കണം. ഈശോയുടെ മരണോത്ഥാനങ്ങളിൽ മാനവസഹനം അതിന്റെ ഏറ്റം അഗാധമായ



അർത്ഥവും രക്ഷാകരമൂല്യവും കണ്ടെത്തുന്നു. വിശ്വാസത്തോടെ സ്വീകരിക്കുന്ന വേദന ഈശോയുടെ രക്ഷാകര സഹനത്തിന്റെ രഹസ്യത്തിലേയ്ക്ക് പ്രവേശിക്കുന്നതിനുള്ള വാതിലായി ഭവിക്കുന്നു. പുനരുത്ഥാനത്തിന്റെ പ്രകാശകിരണങ്ങളാൽ പ്രകാശിതമാകയാൽ ആ സഹനം സമാധാനത്തെയും സന്തോഷത്തെയും ഇല്ലായ്മ ചെയ്യുന്നില്ല. ഈ ദിനാചരണത്തിന്റെ ഭാഗമായി നമ്മുടെ ഇടവകകളിൽ രോഗികളായി കഴിയുന്ന സഹോദരങ്ങൾക്കായി പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ നടത്തുവാനും അവർക്ക് കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കുവാനും വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കാനും ബ. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*Bishop*

### *C. 9/2014* സകല മരിച്ചവരുടെയും ഓർമ്മത്തിരുനാൾ

നമ്മുടെ ആരാധനാക്രമ ചൈതന്യമനുസരിച്ച് സകല മരിച്ചവരുടെയും തിരുനാൾ ആഘോഷിക്കേണ്ടത് ദനഹാക്കാലത്തെ അവസാന വെള്ളിയാഴ്ചയാണ്. അതനുസരിച്ച് ഫെബ്രുവരി 28-ാം തീയതി നമ്മുടെ എല്ലാ ഇടവകകളിലും സിമിത്തേരി സന്ദർശനം നടത്തുകയും മരണംമൂലം നമ്മിൽനിന്ന് വേർപിരിഞ്ഞവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Bishop*

### *C.10/2014* വലിയ നോമ്പാരംഭവും വിവാഹാഘോഷമുടക്കവും

2014 മാർച്ച് 2-ാം തീയതി ഞായറാഴ്ച പാതിരാത്രിക്ക് വലിയ നോമ്പ് ആരംഭിക്കുന്നു. വിഭൂതി തിങ്കൾ മുതൽ ഉയിർപ്പു ഞായർ വരെ വിവാഹാഘോഷം മുടക്കാണ്. ഒരു തരത്തിലും മാറ്റിവയ്ക്കാൻ സാധിക്കാത്ത ആഘോഷങ്ങൾ മാത്രമേ നോമ്പുകാലത്ത് നടത്താവൂ. അതും അനാർഭാടമായി നടത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. അനാർഭാടമെന്നത് പരിപാടികളുടെ നടത്തിപ്പിലും ബാഹ്യമോടിയിലും ഭക്ഷണത്തിലുമെല്ലാം പാലിക്കപ്പെടേണ്ട ലാളിത്യമാണ്. നോമ്പുകാലത്ത് വിവാഹം നടത്തിക്കിട്ടുവാൻ രൂപതക്കച്ചേരിയിൽ സമർപ്പിക്കുന്ന അപേക്ഷകൾ ശിപാർശ ചെയ്യുമ്പോൾ ബ. വികാരിയച്ചന്മാർ ഈ നിർദ്ദേശത്തിന്റെ അരൂപി ഉൾക്കൊള്ളണമെന്ന് ഓർമ്മിപ്പിക്കുന്നു.

മനസമ്മതമോ അതുപോലുള്ള മറ്റ് ആഘോഷങ്ങളോ നടത്തുമ്പോഴും നോമ്പിന്റെ ചൈതന്യം പാലിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. മനസമ്മതത്തിനുമുമ്പ് അനുവാദത്തോടെ വിവാഹം പരസ്യം ചെയ്യുകയും നോമ്പ് കഴിയുമ്പോൾ മനസമ്മതം നടത്തി ഏറെ താമ

സിയാതെ വിവാഹം ആശീർവദിക്കുകയും ചെയ്യാനുള്ള നടപടിക്രമം പാലിക്കാവുന്നതാണ്.

*Bishop*

*C. 11/2014* **തിരുബാലസഖ്യദിനം**

ഈ വർഷം ഫെബ്രുവരി 9-ാം തീയതി ഞായറാഴ്ച സാർവത്രിക സഭയിൽ തിരുബാലസഖ്യദിനം ആചരിക്കുന്നു. സാധുകുട്ടികളെ സഹായിക്കാൻ അന്നേദിവസം പ്രത്യേകപിരിവ് നടത്തി കിട്ടുന്ന തുക രൂപത സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കുമല്ലോ.

*Protosyncellus*

*C. 12/2014* **Appointments and Transfers**

**Parish Priests:**

| | | |
|---|---|---|
| Kalloorkad | : | Fr. John Mundackal |
| Chilavu | : | Fr. Mathew Kunnapillil |
| Mudavoor | : | Fr. Thomas Vattathottathil (Vicar In-charge) |
| Malayinchi | : | Fr. Jose Koonanickal (Vicar In-charge) |

**Parochial Vicars:**

| | | |
|---|---|---|
| Kadalikad | : | Fr. Joseph Muttathuvalayil |
| Nellimattam | : | Fr. James Choorathottiyil |
| Muvattupuzha | : | Fr. James Mundolickal |
| Nakappuzha | : | Fr. Thomas Kannamkulam |
| Nediakad | : | Fr. Mathew Kochupurackal (Jr.) |
| Kallanickal | : | Fr. Paul Inchaplackal |
| Muthalakodam | : | Fr. Joseph Mundackal (Jr.) |
| Vazhakulam | : | Fr. Joseph Kochuparambil (Jr.) |
| Vazhakulam | : | Fr. Thomas Kallarackal |
| Oonnukal | : | Fr. George Vandanakara |
| Neyyassery | : | Fr. George Chemparathy |
| Social Service Assi. Director | : | Fr. Jacob Mannathukaran |



*C. 13/2014* **Retirement** **-** Fr. Jose Peechatt

വാഴക്കുളം അസി. വികാരിയായും മങ്കുവ, മുരിക്കാശ്ശേരി, തങ്കമണി, മീങ്കുന്നം, കടവൂർ, നെയ്യശ്ശേരി, കരിമണ്ണൂർ, വാഴക്കുളം, കല്ലൂർക്കാട് എന്നിവിടങ്ങളിൽ വികാരിയായും Samaritan Hospital Director, KMGMITC Director, Finance Officer എന്നീ നിലകളിലും സ്തുത്യർഹമായ സേവനമനുഷ്ഠിച്ച് വിശ്രമജീവിതത്തിനായി വാഴപ്പിള്ളി ശാന്തിനിലയത്തിലേക്ക് പോകുന്ന പീച്ചാട്ട് ബഹു. ജോസ് അച്ചന് കൃതജ്ഞതയും ആശംസകളും നേരുന്നു.

*Bishop*

*C. 14 /2014* **Presbyterium**

The plenary meeting of the priests of the Eparchy will be held on Tuesday, 4 February 2014 from 10.00 am to 4.00 pm at NESTT, Muvattupuzha. All are expected to participate without fail.

*Protosyncellus*

*Js. 2/2014* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പിലേയ്ക്ക് ഗുണഭോക്താക്കളെ ക്ഷണിക്കുന്നു. കോതമംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാ കുട്ടികൾക്ക് മാത്രമാണ് അപേക്ഷിക്കുവാൻ അർഹതയുള്ളത്. താഴെ പേരുപറഞ്ഞിരിക്കുന്ന ഏതെങ്കിലും കോഴ്സിലേക്ക് 2014-2015 അദ്ധ്യയന വർഷം പ്രവേശനം പ്രതീക്ഷിക്കുന്നവരും ഇപ്പോൾ പഠനം നടത്തുന്നവരുമാണ് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടത്. ഒരിക്കൽ സ്കോളർഷിപ്പ് ലഭിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

Technical and Professional Studies at Graduate and Post Graduate levels in various branches of Medicine, Engineering, Nursing, Para-Medical courses, Computer Application (Master's Degree only) and Business / Banking Administration (Master's Degree only).

2014 മെയ് 24-ാം തീയതി ശനിയാഴ്ച പകൽ 10 മുതൽ 12 മണി വരെ കോതമംഗലം ബിഷപ്പ്സ് ഹൗസിൽവച്ച് നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. സണ്ടേസ്കൂൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ മാത്രമേ പ്രവേശന പരീക്ഷയിൽ പങ്കെടുക്കാവൂ. പ്രവേശനപരീക്ഷ

യിൽ വിജയിക്കുന്നതിന് 50% മാർക്ക് വാങ്ങേണ്ടതുണ്ട്. സ്കോളർഷിപ്പിന്റെ നിയമാവലിക്ക് കോതമംഗലം രൂപതാനിയമസംഗ്രഹം അനുബന്ധം 14 കാണുക.

**പ്രവേശന പരീക്ഷാ വിഷയങ്ങൾ**

Sunday School Texts - Standards IX, X, XI, XII, പൊതുവിജ്ഞാനം.

സ്കോളർഷിപ്പിനുവേണ്ടി അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ താഴെ പറയുന്ന വിലാസത്തിൽ 2014 ഏപ്രിൽ 30-ാം തീയതിയ്ക്കകം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

The Secretary, Bishop Mar George Punnakottil Episcopal Silver Jubilee Memorial Education Society, Bishop's House, P.B. No. 6, Kothamangalam - 686 691 Tel : 0485 -2862236

*Secretary*

*Pr. C. 1 /2014* **Report of the Presbyteral Council held on Tuesday, December 17, 2013**

An ordinary meeting of the Presbyteral Council was held on Tuesday 17th December 2013 at the Bishop's House. His Excellency Mar George Madathikandathil presided over the meeting. Thirty seven members participated. The meeting started at 10.00 am. The Proto Syncellus V. Rev. Mgr. Francis Alappatt welcomed the participants. The secretary read out the report of the previous meeting. The suggestion made by one member to substitute the word 'Chief Election Commissioner' with 'the convener of the committee' was accepted and it was passed.

The President introduced the themes for discussion. The major topic on the agenda was the assessment of the impacts of the Madhav Gadgil and Kasturirangan Committee Reports. The Council discussed the future action plan related to this matter. To create an awareness of the impacts of this report among people the Council decided to prepare a leaflet after consulting the experts of other dioceses facing the same problem and with the collaboration of all sections of people. Another suggestion was to make sure the involvement of local political leaders in this campaign. The Council suggested arranging awareness programs at Kothamangalam, Muvattupuzha, Thodupuzha, Kaliyar, Karimannoor



(Udumpannoor) and Oonnukal (Neriamangalam). Another suggestion was to entrust an expert to prepare a power point presentation to facilitate the awareness programs. Finally, the Council opined that after due preparation a protest meet may be conducted at Thodupuzha. The president concluded this discussion saying that appropriate decision would be taken after getting the feedback from the Pastoral Council.

Next topic on the agenda was conducting an Eparchial Assembly. As regards the theme, the suggestion of one member not to fix a specific theme, rather to use the assembly as an occasion to set a goal and to make a pastoral plan about the diocese was accepted by all. As regards the time it was agreed that the assembly might be conducted in 2014 after 20th November.

Another topic of discussion was keeping simplicity in the celebration of Ordinations and other festivities. The Council expressed its concern over the new developments which made the celebration of ordination a matter of pomp and extravagance. The president explained the directions already given to the deacons, their parents and respective parish priests where ordinations are conducted this year. So also, the Council welcomed the suggestion to make the parish feasts more simple, giving due importance to the spiritual aspect.

The practice of lent, fasting and abstinence was also a point of discussion. It was observed that the laws regarding these, especially those on abstinence were not taken seriously by many people. The Council welcomed the suggestion to remind the people regarding this matter.

Another point of discussion was the need of putting an age limit to the competitions conducted by the Pious Associations like Mission League and Yuvadeepthi. The majority opined that super seniors were to be excluded from competitions. The president concluded the discussion saying apt decision would be taken after consulting the Directors of respective Associations.

The necessity of discouraging the tendency of conducting tours on Sundays by some English Medium Schools was also discussed by the Council. The president assured the members of giving due instructions in this regard to all schools of Catholic Management.

An assessment regarding the celebration of the conclusion of the Year of Faith was also made in the Council. All the members were

of the opinion that we could make an appropriate celebration of the Year of Faith without making a "Mega Show."

One of the members called the attention of the Council to the shooting up of certain Christian Associations of secular nature like the CSS. The president clarified the official position of the Church towards such organizations. These are not officially recognized by the Catholic Church. As long as they do not hinder the activities of the Church or object to the faith and morals of the Church we do not interfere in their functioning, since the right to association is safeguarded by the Constitution of India.

The president extended Christmas and New Year greetings to all the members. The meeting came to an end by 1.30 pm.

*Secretary*

---

## മൈനർ സെമിനാരി

*MS 4 /2014* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | |
|---|---|---|
| 1 | പി.ജെ. ജോസഫ് പുതിയപ്പറമ്പിൽ, നിർമ്മലമാതാ, മുവാറ്റുപുഴ | ₹ 5000 |
| 2 | Manuel Champarathy, Muthalakodam | ₹ 5000 |
| 3 | Sebastian John, Methipara | ₹ 10000 |

*Rector*

---

## വിജ്ഞാനഭവൻ

*V. 9/2014* **വിശ്വാസോത്സവം – പരിശീലന സെമിനാർ**

2014 ഏപ്രിൽ 01 മുതൽ 04 വരെ നടക്കുന്ന വിശ്വാസോത്സവ



ത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി അദ്ധ്യാപകർക്കായി ഒരുക്കുന്ന പരിശീലനസെമിനാർ ഈ വർഷം തൊടുപുഴ, കോതമംഗലം കേന്ദ്ര മാക്കി രണ്ടിടങ്ങളിലായിരിക്കും നടത്തുക. ഓരോ സൺഡേ സ്കൂളിൽ നിന്നും ആറ് വിഭാഗത്തിലും നിന്ന് ചുരുങ്ങിയത് ഒരാൾ വീതമെങ്കിലും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം ഫെബ്രുവരി 15-ന് മുമ്പ് ഓഫീസിൽ അറിയിക്കേണ്ടതാണ്. മേഖലമാറി പങ്കെടുക്കുന്നവർ അക്കാര്യവും മുൻകൂട്ടി അറിയിക്കേണ്ടതാണ്.

1. തൊടുപുഴ - സെന്റ് സെബാസ്റ്റ്യൻസ് പാരീഷ് ഹാൾ
   തീയതി: 2014 ഫെബ്രുവരി 27 വ്യാഴം
   സമയം : 9.30 am - 3.00 pm
   കരിമണ്ണൂർ, മുതലക്കോടം, തൊടുപുഴ മേഖലകൾ
2. കോതമംഗലം - ശോഭന സ്കൂൾ
   തീയതി: 2014 മാർച്ച് 8 ശനി
   സമയം : 9.30 am - 3.00 pm
   കോതമംഗലം, മൂവാറ്റുപുഴ, വാഴക്കുളം, പൈങ്ങോട്ടൂർ മേഖല കൾ.
   രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല. ഉച്ചഭക്ഷണം നൽകു ന്നതാണ്.

പ്രത്യേകശ്രദ്ധയ്ക്ക്:

1. കഴിഞ്ഞ വർഷം നടന്ന ക്യാറ്റക്കെറ്റിക്കൽ കമ്മിറ്റി നിർദ്ദേശ മനുസരിച്ച് വിശ്വാസോത്സവസമയം രാവിലെ മാത്രമാണ്. രാവിലെ 9.00 മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ നടത്തേണ്ടതാണ്. 4-ാം തീയതി രാവിലെ മുതൽ വൈകിട്ട് 4.00 വരെ ക്ലാസ് ഒരുക്കണം. അന്നേ ദിവസം വി. കുർബാനയോടുകൂടി ആരംഭിക്കുന്നത് നല്ലതാണ്. താല്പര്യമുള്ളവർക്ക് എല്ലാ ദിവസവും ഉച്ചകഴിഞ്ഞും നടത്താവു ന്നതാണ്.
2. ഓരോ ഇടവകയുടെയും സാഹചര്യമനുസരിച്ച് ബഹു. വികാരിയ ച്ചന്മാരുടെ നിർദ്ദേശത്തോടുചേർന്ന് കുട്ടികൾക്കുള്ള ടൈം ടേബി ളും, പാഠ്യേതര പ്രവർത്തനങ്ങളും ഒരുക്കേണ്ടതാണ്.

*V. 10/2014* **വിശ്വാസോത്സവം: വർക്ക് ബുക്ക് വിതരണം**

വിശ്വാസോത്സവത്തിനുള്ള വർക്ക് ബുക്കുകളുടെ വിതരണം വിജ്ഞാനഭവൻ ഓഫീസിൽ നിന്നും ഫെബ്രുവരി 15-ാം തീയതി മുതൽ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. **വില 20 രൂപയാണ്. പുസ്തകവി തരണം ആരംഭിച്ചുവെന്നത് ഉറപ്പുവരുത്തിയതിനുശേഷം പുസ്തകം**

**വാങ്ങാൻ വരിക.** അദ്ധ്യാപകർക്ക് വേണ്ടത്ര പരിശീലനവും പരിചയവും ലഭിക്കുന്നതിന് വേണ്ടി വർക്ക് ബുക്കുകൾ എത്രയും നേരത്തെ കൊണ്ടുപോകുവാൻ ബഹു. ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ.

നേരത്തെ തന്നിരുന്ന ഓർഡർ അനുസരിച്ചാണ് വർക്കുബുക്കുകൾ കൊണ്ടുപോകേണ്ടത്. പരിശീലന സെമിനാറിന് വരുമ്പോൾ അദ്ധ്യാപകർ അതത് പ്രായവിഭാഗത്തിന്റെ വർക്ക് ബുക്കുകൾ കൊണ്ടുവരുവാൻ ശ്രദ്ധിക്കണം.

*V. 11/2014* **വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം- രൂപതാവിജയികൾ**

1. സി. ജോൺസി C.M.C., മാലിപ്പാറ
2. ശ്രീമതി റോസിലി ജോർജ് പുറ്റനാൽ, ആയവന
3. ശ്രീമതി സെലിഗ്വരിൻ ജോസഫ് കൂട്ടുങ്കൽ, ആലക്കോട്

*V. 12/2014* **പ്രൈവറ്റ് രജിസ്ട്രേഷൻ**

HCC I, HCC II എന്നീ ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയ കുട്ടികൾക്കുള്ള കോൺടാക്റ്റ് ക്ലാസ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ബഹു. ഹെഡ്മാസ്റ്റർ/ അദ്ധ്യാപകർ ഇക്കാര്യങ്ങൾ കുട്ടികളെ അറിയിക്കുമല്ലോ.

**കോൺടാക്റ്റ് ക്ലാസ്സ് 2-ാം സെമസ്റ്റർ**

1) ഫെബ്രുവരി 8 ശനി : Contact Class II - Std. XI
സ്ഥലം : നിർമ്മല കോളേജ് ഓഡിറ്റോറിയം, മൂവാറ്റുപുഴ
സമയം : 9.30 a.m. - 4.30 p.m.

2) ഫെബ്രുവരി 9 ഞായർ : Contact Class II - Std. XII
സ്ഥലം : നിർമ്മല കോളേജ് ഓഡിറ്റോറിയം, മൂവാറ്റുപുഴ
സമയം : 9.30 a.m. - 4.30 p.m.

- ക്ലാസ്സിൽ പങ്കെടുക്കുവാൻ വരുന്നവർ ഉച്ചഭക്ഷണം കരുതണം.
- ഈ ക്ലാസ്സിൽ പങ്കെടുക്കാത്തവർക്കായി മറ്റൊരു ക്ലാസ്സ് ഉണ്ടായിരിക്കുന്നതല്ല.
- കോൺടാക്റ്റ് ക്ലാസ്സിൽ പങ്കെടുക്കാത്തവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതല്ല.
- XI, XII ക്ലാസ്സുകളിലെ നവോദയ സ്കൂളിലെ കുട്ടികൾ അവധിക്കാലത്ത് നിർബന്ധമായും ഒരു ധ്യാനത്തിൽ സംബന്ധിക്കണം. ഇന്റേണൽ അസ്സെസ്മെന്റ് മാർക്കിനു പകരമായി ഇത് പരിഗണിക്കുന്നതാണ്. XII - ാം ക്ലാസ്സിലെ കുട്ടികൾ മൂവാറ്റുപുഴ നെസ്റ്റിൽ



(NESTT) വച്ച് നടക്കുന്ന ജീവിതദർശൻ ധ്യാനത്തിൽ സംബന്ധിക്കുന്നതാണ് ഉചിതം. ഇതു സംബന്ധിച്ച രേഖ ഹാജരാക്കിയാലേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

*V. 13/2014* **ലോഗോസ് സമ്മാനങ്ങൾ**

ലോഗോസ് സമ്മാനങ്ങൾ കൈപ്പറ്റാത്തവർ എത്രയും നേരത്തെ ഓഫീസിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

*V. 14/2014* **വിജ്ഞാനഭവൻ ബുക്ക് സ്റ്റാൾ**

കുർബാനപ്പുസ്തകം, പോക്കറ്റ് ബൈബിൾ, ആദ്യകുർബാന പ്പുസ്തകം, കൊന്ത, വെന്തിങ്ങ, സി.ഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*Director*

## Corporate Educational Agency

*Edn.7 /2014* **ജില്ല/ഉപജില്ലാ ചാമ്പ്യൻഷിപ്പുകൾ**

ജില്ലാ/ഉപജില്ലാതലത്തിൽ ഈ വർഷം നടന്ന മത്സരങ്ങളിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയിട്ടുള്ള സ്കൂളുകൾ ഫെബ്രുവരി 15-നകം റിപ്പോർട്ടു ചെയ്യണമെന്ന് അറിയിക്കുന്നു.

*Edn. 8 /2014* **അപേക്ഷാഫോറം**

2014-15 വർഷത്തിലേക്കുള്ള പ്രമോഷനും ട്രാൻസ്ഫറിനുമുള്ള അപേക്ഷാഫോറങ്ങൾ 01-03-2014 മുതൽ ഈ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷാഫോറങ്ങൾ പൂരിപ്പിച്ച് 31-03-2014 ന് മുമ്പ് ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. താമസിച്ചു കിട്ടുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. മുൻവർഷങ്ങളിൽ അപേക്ഷ നൽകിയിട്ടുള്ളവർ വീണ്ടും തരേണ്ടതാണ്.

*Edn.9 /2014*

അദ്ധ്യാപക അനദ്ധ്യാപക അവാർഡിന് റിപ്പോർട്ട് നൽകുവാൻ ആവശ്യമായ ഫോറം രൂപത വിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതായിരിക്കും. അവാർഡ് നിർണ്ണയത്തിന് പ്രസ്തുത ഫോറത്തിൽ

വേണം റിപ്പോർട്ടു നൽകുവാൻ എന്നുള്ള കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

*Edn. 10 /2014*

ഈ വർഷത്തെ Catechism/ Moral Science മത്സരപരീക്ഷ 2014 ഫെബ്രുവരി 8-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെ അതാതു കേന്ദ്രങ്ങളിൽ വച്ചു നടത്തുന്ന കാര്യം വീണ്ടും ഓർമ്മിപ്പിക്കുന്നു. (2013 ഡിസംബർ മാസത്തിലെ ദൈവരാജ്യം കാണുക).

Secretary

*Edn. 11/2014* **ക്രിസ്തുജ്യോതി ഇന്റർ നാഷണൽ സ്കൂൾ മലയിൻകീഴ്, കോതമംഗലം**

കഴിഞ്ഞ അഞ്ചുപതിറ്റാണ്ടുകളായി ആധ്യാത്മിക, വിദ്യാഭ്യാസ, സാമൂഹിക മേഖലകളിൽ നൂതന സംരംഭങ്ങൾക്ക് നേതൃത്വം കൊടുത്തുവരുന്ന കോതമംഗലം രൂപത കാലഘട്ടത്തിന്റെ ആവശ്യങ്ങൾ മനസ്സിലാക്കി അന്തർദേശീയ നിലവാരത്തിലുള്ള വിദ്യാഭ്യാസം കോതമംഗലത്തും പരിസരത്തുമുള്ള ഇളംതലമുറകൾക്ക് നല്കുന്നതിന് 2014 ജൂൺ മുതൽ കോതമംഗലം മലയിൻകീഴിൽ (ക്രിസ്തുജ്യോതി ട്രെയിനിംഗ് സെന്റർ) 'ക്രിസ്തുജ്യോതി ഇന്റർനാഷണൽ സ്കൂൾ' ആരംഭിക്കുന്ന വിവരം സസന്തോഷം അറിയിക്കുന്നു. രൂപത വിദ്യാഭ്യാസ - സാമൂഹിക ക്ഷേമ വകുപ്പുകളുടെ നേരിട്ടുള്ള മേൽ നോട്ടത്തിൽ നടത്തുന്ന ഈ രൂപതാസ്ഥാപനത്തിൽ 2014-15 ലേയ്ക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ICSE പാഠ്യപദ്ധതിയനുസരിച്ച് നടത്തുന്ന സ്കൂളിൽ ഈ വർഷം Play School, LKG & UKG (Kindergarten) എന്നീ ക്ലാസ്സുകളിലേയ്ക്ക് അഡ്മിഷൻ നടത്തുന്നു. ഏവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

Principal

---

## ചെറുപുഷ്പമിഷൻലീഗ്

*CML 6 /2014* **സംസ്ഥാനവാർഷികം**

ചെറുപുഷ്പമിഷൻലീഗ് 66-ാമത് സംസ്ഥാനവാർഷികം 2014 ജനുവരി 11-ാം തീയതി മാനന്തവാടിയിൽവച്ചു നടന്നു. കോതമംഗലം രൂപത സംസ്ഥാനത്തെ മികച്ച രണ്ടാമത്തെ രൂപതയായി തിരഞ്ഞെടുക്കപ്പെട്ടു. വാർഷിക സമ്മേളനത്തിൽ വച്ച് ട്രോഫി ഏറ്റുവാങ്ങി.



*CML 7 /2014* **ചെറുസൂനം ക്വിസ് മത്സരം- ഫെബ്രുവരി 9**

ഫെബ്രുവരി 9-ാം തീയതി ഞായറാഴ്ച ചെറുസൂനം ക്വിസ് മത്സരം ഞായറാഴ്ച വേദപാഠത്തിനുശേഷം എല്ലാ ശാഖകളിലും വച്ച് നടത്തപ്പെടുന്നു. 2013 ജൂൺ മുതൽ 2014 ജനുവരി വരെയുള്ള 8 ലക്കങ്ങളെ ആസ്പദമാക്കിയുള്ള ചോദ്യങ്ങളായിരിക്കും ക്വിസിനുള്ളത്.

ക്വിസ് മത്സരത്തിന് ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുന്ന ശാഖകൾക്ക് പ്രത്യേക സമ്മാനം ഉണ്ടായിരിക്കുന്നതാണ്. ചോദ്യപേപ്പർ ജോയിന്റ് ഡയറക്ടേഴ്സിനെ ഏല്പിക്കുന്നതായിരിക്കും.

*CML 8 /2014* **ചെറുസൂനം വരിസംഖ്യ**

ചെറുസൂനം വരിസംഖ്യ അടയ്ക്കാനുള്ളവർ മൂവാറ്റുപുഴ NESTT -ലെ മിഷൻലീഗ് ഓഫീസിൽ എത്രയുംവേഗം ഏല്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Director

---

## സോഷ്യൽ സർവീസ്

*SS. 6 /2014*

SAFPI യുടെ പുതിയ ഗുണഭോക്താക്കളെ ഉപ്പുകുന്ന്, പെരിങ്ങാശ്ശേരി, രാജഗിരി, ഞാറക്കാട്, പാറപ്പുഴ, കല്ലൂർക്കാട് എന്നീ ഇടവകകളിൽ നിന്നും തിരഞ്ഞെടുത്തു.

*SS. 7 /2014*

ക്രെഡിറ്റ് യൂണിയൻ ഓഡിറ്റിംഗ് കഴിഞ്ഞ സംഘങ്ങളിലെ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ KSSS ഓഫീസിൽ നേരിട്ടെത്തി അവർക്ക് തന്നിരിക്കുന്ന തീയതികളിൽ തന്നെ വിശദാംശങ്ങൾ സമർപ്പിക്കേണ്ടതാണ്.

*SS. 8 /2014*

KLM ഭാരവാഹികളുടെ ക്ലാസ്സ് 19-ന് ഞായറാഴ്ച KSSS ഓഫീസിൽ നടന്നു.

*SS. 9 /2014*

KSSS -ൽ Asst. Director ആയി നിയമിതനായ റവ. ഫാ. ജേക്കബ് മണ്ണത്തൂക്കാരന് ഹൃദയം നിറഞ്ഞ സ്വാഗതവും വിജയാശംസകളും.

*Director*

## ജീസസ് യൂത്ത്

*JY 1 /2014* **Cultural- Exchange Programme**

കോതമംഗലം ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ Cultural - Exchange Programme 2013 ഡിസംബർ 13 മുതൽ ഡിസംബർ 23 വരെ കോതമംഗലം സോണിൽ നടത്തപ്പെട്ടു. Jharkhand, Arunachal Pradesh, Chatthisgarh എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള 20-ൽപരം യുവജനങ്ങൾ അടങ്ങിയ ടീമായിരുന്നു വന്നത്.

ആനിക്കാട്, നെല്ലിമറ്റം ഇടവകകളിലാണ് പത്ത് ദിവസം ഇവർ താമസിച്ചത്. ഇവർക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്ത ബഹുമാനപ്പെട്ട ജോസഫ് മക്കോളിയച്ചനും കുര്യാക്കോസ് കച്ചിറമറ്റം അച്ചനും ഇടവകാംഗങ്ങൾക്കും പ്രത്യേകം നന്ദിപറയുന്നു.

*JY 2 /2014*

യുവജനധ്യാനം ഡിസംബർ 26 മുതൽ ഡിസംബർ 29 വരെ മൂവാറ്റുപുഴ നിർമ്മല സ്കൂളിൽ വച്ച് റവ. ഫാ. ജോസഫ് എഴുമായിലിന്റെയും സജി പന്നിയാർകുട്ടിയുടെയും നേതൃത്വത്തിൽ നടത്തപ്പെട്ടു. 47 പേർ പങ്കെടുത്തു.

*JY 3 /2014*

എല്ലാ മാസവും രണ്ടാം ശനിയാഴ്ച മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്താറുള്ള നൈറ്റ് വിജിൽ ജനുവരി 11-ാം തീയതി 6.00 pm -ന് തുടങ്ങി 12-ാം തീയതി 1.00 am വി. ബലിയോടുകൂടി സമാപിച്ചു. ബേബി ജോൺ കലയന്താനി ക്ലാസ്സും ആരാധനയും നയിച്ചു. അടുത്ത നൈറ്റ് വിജിൽ ഫെബ്രുവരി 8-ാം തീയതി രണ്ടാം ശനിയാഴ്ചയായിരിക്കും.

*Director*



## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 4/2014*

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ കൗൺസിൽ ഫെബ്രുവരി 8 ശനിയാഴ്ച 10 മുതൽ 1 മണിവരെ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

*FA 5 /2014* **ഫൊറോന - ഇടവക വാർഷിക സംഗമങ്ങൾ**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ഫൊറോന ഇടവക വാർഷിക സംഗമങ്ങൾ ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലായി നടത്തുവാൻ താല്പര്യപ്പെടുന്നു. ഫൊറോന-ഇടവക വാർഡുതലങ്ങളിൽ ഭാരവാഹികളുടെ പുനക്രമീകരണമോ, തെരഞ്ഞെടുപ്പോ ആവശ്യമുണ്ടെങ്കിൽ വാർഷിക സംഗമങ്ങൾക്കു മുമ്പായി പൂർത്തീകരിക്കേണ്ടതാണ്.

*FA 6/2014* **ഫാമിലി കൗൺസലിംഗും മദ്ധ്യസ്ഥ പ്രാർത്ഥനയും**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കുടുംബജീവിതക്കാർക്കുവേണ്ടിയുള്ള ഫാമിലി കൗൺസലിംഗും മദ്ധ്യസ്ഥപ്രാർത്ഥനയും ഫെബ്രുവരി 15 ശനിയാഴ്ച രാവിലെ 10 മുതൽ 3 വരെ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്.

*FA 7 /2014* **വിവാഹ ഒരുക്ക സെമിനാർ**

| | | | |
|---|---|---|---|
| February | 5 - 7 | - | NESTT |
| " | 19 - 21 | - | NESTT |

ഫോൺ. 0485 - 2830033, 9142588488

*Director*

# ഓൾ കേരള കാത്തലിക് കോൺഗ്രസ് (AKCC)

## *AKCC 2/2014* കത്തോലിക്ക കോൺഗ്രസ് താഴെ പറയുന്ന അവാർഡുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു

### ഒ.എം. ജോൺ ഓലിക്കൽ അവാർഡ്

മതാദ്ധ്യാപക രംഗത്ത് സേവനം അനുഷ്ഠിച്ച ഒ.എം. ജോൺ ഓലിക്കലിന്റെ സ്മരണാർത്ഥം കത്തോലിക്കാ കോൺഗ്രസ് ഏർപ്പെടുത്തിയിരിക്കുന്ന ഒ.എം. ജോൺ ഓലിക്കൽ അവാർഡിന് അപേക്ഷ ക്ഷണിക്കുന്നു. സീറോമലബാർ രൂപതകളിലെ സൺഡേ സ്കൂളുകളിൽ ഇരുപതുവർഷം കുറയാതെ സേവനപാരമ്പര്യമുള്ള മതാദ്ധ്യാപകരുടെ പേരുകൾ സമർപ്പിക്കാവുന്നതാണ്. രൂപതയിലെ മതാദ്ധ്യാപനത്തിന്റെ ചാർജ്ജു വഹിക്കുന്ന ഡയറക്ടർമാർ, ഇടവക വികാരിമാർ, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാർ തുടങ്ങി ഏതൊരു വ്യക്തിക്കും അവാർഡിന് പേരുകൾ നിർദ്ദേശിക്കാവുന്നതാണ്. നിർദ്ദേശിക്കപ്പെടുന്ന ആളിന്റെ മതബോധന രംഗത്തെ പ്രവർത്തനത്തിന്റെ വിശദവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. 5000 രൂപയും ഫലകവുമാണ് അവാർഡ്.

### സിറിയക് കണ്ടത്തിൽ കത്തോലിക്കാ കോൺഗ്രസ് അവാർഡ്

കത്തോലിക്ക കോൺഗ്രസിന്റെ മുൻ ജനറൽ സെക്രട്ടറിയും, സ്വാതന്ത്ര്യ സമരസേനാനിയും, നിവർത്തന പ്രക്ഷോഭണത്തിന്റെ മുന്നണി പോരാളിയുമായിരുന്ന അഡ്വ. സിറിയക് കണ്ടത്തിലിന്റെ ബഹുമാനാർത്ഥം കത്തോലിക്കാ കോൺഗ്രസ്സ് ഏർപ്പെടുത്തിയിരിക്കുന്ന അവാർഡിന് പ്രമുഖരായ വ്യക്തികളുടെ അപേക്ഷ ക്ഷണിക്കുന്നു. സാമൂഹ്യ, സാംസ്കാരിക, വിദ്യാഭ്യാസ, കലാസാഹിത്യ രംഗങ്ങളിൽ വിലപ്പെട്ട സേവനമനുഷ്ഠിച്ച വ്യക്തികളുടെ പേര് സംബന്ധിച്ച് വ്യക്തികൾക്കും, പ്രസ്ഥാനങ്ങൾക്കും ശുപാർശ നടത്താവുന്നതാണ്.



### കത്തോലിക്കാ കോൺഗ്രസ് അവാർഡ്

കത്തോലിക്ക കോൺഗ്രസ് ഈ വർഷം മികച്ച സാമൂഹ്യസേവനത്തിനും സാഹിത്യകൃതിക്കും, കലാസാഹിത്യവേദികളിലെ മികച്ച സേവനത്തിനും മികവു തെളിയിച്ച്, പ്രശസ്ത സേവനം അനുഷ്ഠിക്കുന്നവർക്ക് അവാർഡുകൾ നൽകുന്നു. സാഹിത്യത്തിനുള്ള നോമിനേഷനോടൊപ്പം ബന്ധപ്പെട്ട സാഹിത്യകൃതികളുടെ മൂന്നു കോപ്പികൾകൂടി സമർപ്പിക്കണം. 2009 മാർച്ച് 31-ന് ശേഷവും 2013 മാർച്ച് 31-ന് മുമ്പും സീറോ മലബാർ കത്തോലിക്കർ രചിച്ച് ഒന്നാം പതിപ്പായി പ്രസിദ്ധീകരിച്ചിട്ടുള്ള ഒറിജിനൽ പുസ്തകങ്ങൾ മാത്രമേ അവാർഡിന് പരിഗണിക്കുകയുള്ളൂ.

### നൂറ്റാണ്ടിന്റെ അല്മായ പ്രേഷിതൻ അവാർഡ്

അല്മായ പ്രേഷിതരംഗത്ത് സ്തുത്യർഹമായ സേവനമനുഷ്ഠിച്ച മിഷൻ ലീഗ് സ്ഥാപക നേതാവ് പി. സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ ബഹുമാനാർത്ഥം കത്തോലിക്കാ കോൺഗ്രസ് ഏർപ്പെടുത്തിയിരിക്കുന്ന നൂറ്റാണ്ടിന്റെ അല്മായ പ്രേഷിതൻ അവാർഡിന് അപേക്ഷ ക്ഷണിക്കുന്നു. അല്മായ പ്രേഷിതരംഗത്ത് മികച്ച സേവനം അനുഷ്ഠിക്കുന്ന അല്മായരുടെ പേരുകൾ യൂണിറ്റ് പ്രസിഡന്റിനോ ഫൊറോനാവികാരിക്കോ നിർദ്ദേശിക്കാവുന്നതാണ്. 5000 രൂപയും ഫലകവുമാണ് അവാർഡ്.

മേൽ പറഞ്ഞിരിക്കുന്ന അവാർഡുകൾക്കുള്ള അപേക്ഷകൾ **അഡ്വ. ബിജു പറയന്നിലം, ജനറൽ സെക്രട്ടറി, കത്തോലിക്കാ കോൺഗ്രസ്, സിറ്റി ടവർ തൊടുപുഴ-685 584** എന്ന വിലാസത്തിൽ 2014 ഫെബ്രുവരി 15-ന് മുമ്പായി ലഭിക്കത്തക്കവിധം സമർപ്പിക്കുവാൻ താല്പര്യപ്പെടുന്നു.

## *AKCC 3/2014* നവവൈദികരെ ആദരിക്കൽ

2014 മാർച്ച് 8-ാം തീയതി 4.30 pm-ന് കോതമംഗലത്തുവച്ച് നവവൈദികരെ ആദരിക്കാൻ 16-01-2014-ൽ കോതമംഗലത്തുചേർന്ന AKCCപ്രതിനിധി സമ്മേളനം തീരുമാനിച്ചു.

## *AKCC 4/2014*

മാധവ്ഗാഡ്ഗിൽ - കസ്തൂരി രംഗൻ റിപ്പോർട്ടിനെതിരെ കത്തോലിക്കാകോൺഗ്രസ്സിന്റെ സായാഹ്നധർണ്ണ 2014 ജനുവരി 25-ാം തീയതി 5 മണിക്ക് തൊടുപുഴ മുൻസിപ്പൽ സ്റ്റേഡിയത്തിൽ വച്ച് നടത്തി.

*Director*

## മാതൃദീപ്തി

*MD. 4 /2014* **രൂപതാകമ്മിറ്റി**

03-01-2014 ൽ രൂപത പാസ്റ്ററൽ സെന്റർ NESTT -ൽ വച്ച് മാതൃദീപ്തി രൂപതാ ഡയറക്ടർ ബഹു. ജോസഫ് എഴുമായിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ രൂപതാ കമ്മിറ്റി കൂടി. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും പുതിയ വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് പ്ലാൻ ചെയ്യുകയും ചെയ്തു.

*MD. 5 /2014* **എഫാത്ത ഏകദിനധ്യാനം**

28-01-2014 -ന് കുട്ടമ്പുഴ സെന്റ് മേരീസ് പള്ളിയിൽ വച്ച് 'എഫാത്ത' ഏകദിനധ്യാനം മാതാക്കൾക്കായി നടത്തി.

21-02-2014 -ൽ കോതമംഗലം സെന്റ് ജോർജ് കത്തീഡ്രലിൽ വച്ച് 'എഫാത്ത' ഏകദിനധ്യാനം മാതാക്കൾക്കായി നടത്തുന്നു. സമയം 9.30 മുതൽ 3.30 വരെ.

24-02-2014-ൽ പാറപ്പുഴ സെന്റ് ജോസഫ്സ് പള്ളിയിൽ വച്ച് 'എഫാത്ത' ഏകദിനധ്യാനം നടത്തുന്നു. സമയം 9.30 മുതൽ 3.30 വരെ

*MD. 6 /2014* **'സാധുവിവാഹസഹായനിധി' കവർ ശേഖരണം**

മാതൃദീപ്തി അംഗങ്ങൾക്കായ് നൽകിയിരിക്കുന്ന 'സാധുവിവാഹസഹായനിധി' കവറുകൾ ഫെബ്രുവരി 14-ാം തീയതി രൂപതാ പാസ്റ്ററൽ സെന്റർ NESTT -ൽ വച്ച് രൂപതാകമ്മിറ്റി അംഗങ്ങൾ സ്വീകരിക്കുന്നു. സമയം 10 മണി മുതൽ 4 മണി വരെ.

*MD. 7 /2014* **ഫൈനാൻസ് കമ്മിറ്റി യോഗം**

18-2-2014-ൽ NESTT-ൽ വച്ച് രൂപതാ ഡയറക്ടർ ബഹു. ജോസഫ് എഴുമായിലച്ചന്റെ അദ്ധ്യക്ഷതയിൽ മാതൃദീപ്തി രൂപതാ ഫൈനാൻസ് കമ്മിറ്റിയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടവരുടെ ഒരു പൊതുയോഗം ചേരുവാൻ തീരുമാനിച്ചു. സമയം രാവിലെ 10 മണി.

*Director*



## സിംഗിൾസ് അപ്പോസ്തലേറ്റ്

*SA 3 /2014*

2014 ജനുവരി 13-ന് NESTT -ൽ വച്ച് മരിയൻ സിംഗിൾസ് യോഗം ചേർന്ന് പ്രാർത്ഥിച്ചു. രൂപതാ ഡയറക്ടർ ബഹു. ജോസഫ് എഴുമായിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ഭാരവാഹികൾ പുതുവർഷാശംസകൾ നേർന്നു സംസാരിച്ചു. കേക്ക് മുറിച്ച് സ്നേഹം പങ്കുവച്ചു. ബഹു. അച്ചൻ ക്ലാസ്സെടുത്തു. അടുത്ത കൂട്ടായ്മ ഫെബ്രുവരി 10-ാം തീയതി രണ്ടാമത്തെ തിങ്കളാഴ്ച എന്നു തീരുമാനിച്ചു. തുടർന്നു എല്ലാവരും വി. കുർബാനയിൽ സംബന്ധിച്ച് സ്നേഹ വിരുന്ന് കഴിച്ച് ഭവനങ്ങളിലേക്ക് പോയി.

*Director*

## NESTT Programme

**Ph. 0485 - 2830033**

| | | |
|---|---|---|
| Feb. | 5 - 7 | - വിവാഹഒരുക്കസെമിനാർ |
| " | 9 - 14 | - ആന്തരികസൗഖ്യധ്യാനം |
| " | 19 - 21 | - വിവാഹഒരുക്ക സെമിനാർ |

*Director*

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**ഡിസംബർ 2013**

27 • കുറുപ്പുംപടി സി.എം.സി. കോൺവെന്റിൽ പുതുതായി നിർമ്മിച്ച ബലിപീഠം റൂശ്മ ചെയ്ത് ദിവ്യബലി അർപ്പിച്ചു.

- വാഴക്കുളം ഇടവകാംഗവും രൂപതാംഗവുമായ ബഹു. വിൻസെന്റ് നെടുങ്ങാട്ട് അച്ചന്റെ പൗരോഹിത്യ രജതജൂബിലോയടനുബന്ധിച്ചുള്ള ദിവ്യബലിയുടെ ആരംഭത്തിൽ അഭിവന്ദ്യപിതാവ് ആശംസകൾ അർപ്പിച്ചു.
- മൂവാറ്റുപുഴ ഇടവക വണ്ടനാക്കര ജോർജ് ഡീക്കന് വൈദിക പട്ടം നൽകി.

28 • പൈങ്ങോട്ടൂർ ഇടവക ഇഞ്ചപ്ലാക്കൽ പോൾ ഡീക്കന് വൈദികപട്ടം നൽകി.

• പുറപ്പുഴ ഇടവകയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് അഭിവന്ദ്യപിതാവ് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

29 • ഇടുക്കി രൂപതയിലെ പെരിഞ്ചാംകുട്ടി പള്ളിയിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. പുതുതായി നിർമ്മിച്ച കപ്പേള വെഞ്ചരിക്കുകയും ചെയ്തു.

30 • ആലക്കോട് ഇടവകാംഗമായ കണ്ണംകുളം തോമസ് ഡീക്കന് വൈദികപട്ടം നൽകി.

• പുത്തൻകുരിശ്, സിറിയൻ മലങ്കര യാക്കോബായ സഭയുടെ നേതൃത്വത്തിൽ നടത്തിയ സുവിശേഷ സംഗമത്തിൽ സന്ദേശം നൽകി.

31 • വണ്ടമറ്റം ഇടവക ചൂരത്തൊട്ടിയിൽ ജെയിംസ് ഡീക്കന് വൈദികപട്ടം നൽകി.

• രൂപതാകോടതി ജഡ്ജി കാരികുന്നേൽ ബഹു. ഫ്രാൻസിസ് അച്ചന് ജൂബിലി ആശംസകൾ നേർന്നു.

• തൊടുപുഴയിൽ ഗാന്ധിജി സ്റ്റഡിസെന്ററിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കാർഷികമേള അഭിവന്ദ്യ പിതാവ് സന്ദർശിക്കുകയും ചെയർമാനും ജലവിഭവവകുപ്പ് മന്ത്രിയുമായ ശ്രീ. പി.ജെ. ജോസഫിന് അനുമോദനങ്ങൾ അർപ്പിക്കുകയും ചെയ്തു.

**ജനുവരി 2014**

1 • ചീനിക്കുഴി ഇടവക കല്ലറയ്ക്കൽ തോമസ് ഡീക്കന് വൈദികപട്ടം നൽകി.

• ജഗദൽപ്പൂർ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കൊല്ലംപറമ്പിലിനെ രൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു.

2 • നെയ്യശ്ശേരി ഇടവക മുണ്ടയ്ക്കൽ ജോസഫ് ഡീക്കന് വൈദികപട്ടം നൽകി.

• വാ. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ ദിനത്തോടനുബന്ധിച്ച് മാന്നാനം കൊവേന്ത ആശ്രമദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.



4 • രൂപതാമതബോധന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തിയ വിവിധ മത്സരങ്ങൾക്കുള്ള ഈ വർഷത്തെ സമ്മാനങ്ങൾ രൂപതാകേന്ദ്രത്തിൽ വച്ച് കൂടിയ യോഗത്തിൽ അഭിവന്ദ്യപിതാവ് വിതരണം ചെയ്യുകയും സമ്മാനാർഹരായവരെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു.

• മുതലക്കോടം ഇടവക കൊച്ചുപറമ്പിൽ ജോസഫ്, മുണ്ടോളിയ്ക്കൽ ജെയിംസ് എന്നീ ഡീക്കന്മാർക്ക് വൈദികപട്ടം നൽകി.

• കോതമംഗലം കത്തീഡ്രൽ ഇടവകാംഗമായ ചിറ്റൂപറമ്പിൽ സി.സി. ആന്റണിയുടെ മൃതദേഹത്തിനരികിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

5 • വാഴക്കാല ഇടവകാംഗവും Order of Carmelites സന്യാസസമൂഹാംഗവുമായ പണ്ടാരികുന്നേൽ വിൻസെന്റ് ഡീക്കന് വൈദികപട്ടം നൽകി.

• കല്ലൂർക്കാട് ഇടവക മുണ്ടൻചിറ മത്തായിയുടെ മൃതദേഹത്തിനരികെ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

• വാഴക്കുളം ഇടവകാംഗവും എഫ്.സി.സി. സന്യാസിനീ സമൂഹാംഗവുമായ റവ. സി. ലെയോള ഓലിക്കലിന്റെ നിര്യാണത്തിൽ വാഴപ്പിള്ളി മഠത്തിലെത്തി പിതാവ് ഒപ്പീസു ചൊല്ലി.

6 • കാളിയാർ ഇടവകാംഗവും Order of Friars Minor Capuchins സന്യാസസമൂഹാംഗവുമായ കൊച്ചുപറമ്പിൽ ജോർജ് ഡീക്കന് വൈദികപട്ടം നൽകി.

• രൂപതയിലെ നവവൈദികരായ 9 പേർക്ക് രൂപതാകേന്ദ്രത്തിൽ സ്വീകരണം നൽകി.

7–11 • കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സീറോ മലബാർ സഭയുടെ സിനഡിൽ പങ്കെടുത്തു.

## Bishop's Engagements

**FEBRUARY 2014**

| | | | | |
|---|---|---|---|---|
| 1 | Sat | Vestition (CSN) | Cathedral | 10.00 am |
| 2 | Sun | Pastoral Visit | Vadattupara | 7.15 am |
| 3 | Mon | Meeting of Provincial Superiors | Bishop's House | 10.00 am |
| | | Holy Mass | Muthalakodam (S.H Convent) | 3.30 pm |
| 4 | Tue | Presbyterium | NESTT | 10.00 am |
| 5-12 | | CBCI | Pala | |
| 13 | Thu | Church Blessing | Thodupuzha | 2.30 pm |
| 14 | Fri | Meeting | Viswajyothi, Vazhakulam | 10.00 am |
| | | Meeting | Thommankuth | 4.00 pm |
| 15 | Sat | Holy Mass (CHF) | Muvattupuzha | 10.30 am |
| | | Meeting | Vettampara | 4.00 pm |
| 16 | Sun | Pastoral Visit | Udumbannoor | 7.30 am |
| 20 | Thu | Homily | Nellimattam | 10.30 am |
| 21 | Fri | Visitors' Day | | |
| 22 | Sat | Holy Mass | Pulinkunnam | 11.30 am |
| | | Meeting | Thazhuvankunnu | 4.30 pm |
| 23 | Sun | Pastoral Visit | Karakunnam | 7.00 am |
| 24 | Mon | Holy Mass | Thrikkodithananam | 11.00 am |
| 25 | Tues | Holy Mass | Kunnanthanam | 6.30 am |
| | | Meeting | Minor Seminary | 6.30 pm |
| 26 | Wed | Meeting | Kottappady | 10.30 am |
| 27 | Thu | Holy Mass (CMI) | Vazhakulam | 4.30 pm |
| 28 | Fri | Visitors' Day | | |
| | | Holy Mass | Kodikulam | 4.30 pm |

### നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. തോമസ് ചെമ്പരത്തി | ചരമദിനം | 03-03-1974 |
| ഫാ. സ്റ്റനിസ്ലാവൂസ് നെടുമ്പുറം | ” | 07-03-2008 |
| ഫാ. ജോർജ് പച്ചയിൽ | ” | 08-03-1981 |
| ഫാ. ജോസഫ് കൊച്ചുമുട്ടം | ” | 10-03-1960 |
| ഫാ. ജോസഫ് കുഴികണ്ടത്തിൽ | ” | 11-03-2000 |
| ഫാ. ജോസഫ് മൂലേക്കുടി | ” | 22-03-1972 |



## നിര്യാതരായി

### മദർ ആൻസില്ല F.C.C.

ഇടവക : ഇലഞ്ഞി, പാലാ
ജനനം : 02-10-1937
ആദ്യവ്രതം : 07-05-1964
നിത്യവ്രതം : 08-05-1967
മരണം : 03-01-2014
മൃതസംസ്കാരം : 04-01-2014 (ഈസ്റ്റ് വാഴപ്പിള്ളി)

### മദർ ലയോള F.C.C.

ഇടവക : വാഴക്കുളം
ജനനം : 13-02-1933
ആദ്യവ്രതം : 07-05-1956
നിത്യവ്രതം : 08-05-1959
മരണം : 05-01-2014
മൃതസംസ്കാരം : 06-01-2014 (ഈസ്റ്റ് വാഴപ്പിള്ളി)

### സി. ഡോറിസ് C.M.C. (പുന്നക്കുന്നേൽ)

ഇടവക : മാലിപ്പാറ
ജനനം : 22-11-1933
ആദ്യവ്രതം : 02-02-1955
നിത്യവ്രതം : 30-05-1959
മരണം : 11-01-2014
മൃതസംസ്കാരം : 12-01-2014 (കോതമംഗലം)

### സി. സാവിയോ S.A.B.S. (മൂത്തേടൻ)

ഇടവക : തോട്ടകം (എറണാകുളം)
ജനനം : 14-11-1925
ആദ്യവ്രതം : 11-01-1955
നിത്യവ്രതം : 15-04-1959
മരണം : 22-01-2014
മൃതസംസ്കാരം : 23-01-2014 (മാറിക)